മുത്തങ്ങ കയ്യേറാൻ ഒന്നര വർഷം മുമ്പേ പദ്ധതിയിട്ടെന്നു രേഖ

മുത്തങ്ങ: വന്യജീവി സങ്കേതം കയ്യേറാൻ രണ്ടുവർഷം മുമ്പുതന്നെ പരിപാടി ഇട്ടിരുന്നതായി രേഖ. 2001 ഒക്ടോബർ 16നു തിരുവനന്തപുരം വൈലോപ്പള്ളി ഹാളിൽ ചേർന്ന ഗോത്രമഹാസഭാ യോഗതീരുമാനമായി മിനുട്സിൽ ഇക്കാര്യം ചേർത്തിരുന്നു. ഗീതാനന്ദന്റെ അധ്യക്ഷതയിലായിരുന്നു യോഗം.

വോളന്റിയർമാരെ പൊലീസുകാർ എന്നാണ് പറഞ്ഞിരുന്നത്. ഈ പൊലീസുകാരുടെ നിർദേശങ്ങൾ എല്ലാവരും അനുസരിക്കണം. ആന്ധ്ര, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള പൊലീസുകാരുടെ നിർദേശങ്ങൾ അനുസരിക്കണമെന്നും ആരെങ്കിലും പുറത്തുപോകുമ്പോൾ ലീവ് ലെറ്റർ നൽകണമെന്നും നിർദേശിച്ചിരുന്നു.

തമിഴ്, കന്നട ഭാഷകളിലുള്ള പുസ്തകങ്ങൾ, വാരികകൾ, നിഘണ്ടുകൾ എന്നിവയും ലഭിച്ചിരുന്നു.

യുവാക്കൾക്ക് ആയുധപരിശീലനം നൽകിയിരുന്നതായും രേഖകളിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

പലവിധത്തിലുള്ള അമ്പുകൾ, കത്തികൾ, മഴു എന്നിവയും ലഭിച്ചവയിൽപെടും. ആദിവാസികളല്ലാത്ത നിരവധിയാളുകൾ വനത്തിലുണ്ടായിരുന്നുവെന്നും അധികൃതർക്ക് വ്യക്തമായിട്ടുണ്ട്.

മുത്തങ്ങ സംഭവത്തിൽ പരുക്കേറ്റ് ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച ആദിവാസികളെ വനംമന്ത്രി സുധാകരൻ, എൻ.ഡി.അപ്പച്ചൻ എം.എൽ.എ എന്നിവർ സന്ദർശിക്കുന്നു.

ഒട്ടേറെ രേഖകൾ കണ്ടെടുത്തു

മുത്തങ്ങ: വനത്തിലെ കുടിലുകളിൽനിന്ന് കണ്ടെടുത്തവയിൽ നിരവധി ആയുധങ്ങൾക്കുപുറമെ ഒട്ടേറെ രേഖകളും ലഭിച്ചു. ബാങ്ക് പാസ് ബുക്ക്, റേഷൻ കാർഡുകൾ, തിരിച്ചറിയൽ കാർഡുകൾ, ഗോത്രസഭയുടെ മിനുട്സുകൾ, പലവിധ സർക്കുലറുകൾ, തമിഴ്, കന്നട പുസ്തകങ്ങൾ, അംഗത്വ സംഭാവന രശീതുകൾ എന്നിവയെല്ലാം ഇതിൽപെടും.

ഡയറിയിൽ വനംവകുപ്പ് അന്വേഷിക്കുന്ന ആനവേട്ട കേസിലെ പ്രതികളുടെ ടെലിഫോൺ നമ്പറുകളും മറ്റൊന്നിൽ കോഴിക്കോടു നിന്നുള്ള വിമാന സമയവും രേഖപ്പെടുത്തിയിരുന്നു.

ആദിവാസികളെ തമിഴ് പഠിപ്പിച്ചിരുന്നതിന്റെ രേഖകളും ലഭിച്ചു. കേരള കാർഷിക സർവകലാശാലയിൽനിന് നൽകുന്ന വിത്ത് ഇനങ്ങൾ ചില വീടുകളിലുണ്ടായിരുന്നു. ഒരു കുടിലിൽ പച്ചക്കറി പാത്രത്തിൽ നിന്ന് അഞ്ഞൂറിന്റെ 12 നോട്ടുകൾ ലഭിച്ചു.

മുത്തങ്ങ സന്ദർശിക്കും

കൽപറ്റ: മുത്തങ്ങയിൽ പൊലീസ് വെടിവയ്പു നടന്ന സ്ഥലവും സമീപവനവാസി കോളനികളും സാമൂഹിക പ്രവർത്തകരായ ഡോ.സി.ഐ.ഐസക്, പി.നാരായണൻ, അഡ്വ.മുഹമ്മദ് അഷറഫ്, ഡോ.എം.എ.പൈലി, എസ്.രാമനുണ്ണി,കെ.ആർ.കണ്ണൻ എന്നിവർ ഇന്ന് സന്ദർശിക്കും.

അറസ്റ്റു ചെയ്യണം

കൽപറ്റ: വനവാസികളെ വഞ്ചിക്കുകയും അക്രമവൽക്കരിക്കുകയും ചെയ്ത സി.കെ.ജാനുവിനെയും ഗീതാനന്ദനെയും അറസ്റ്റു ചെയ്യണമെന്ന് കേരള വനവാസി വികാസകേന്ദ്രം സഹസംഘടനാ കാര്യദർശി എസ്.രാമനുണ്ണി ആവശ്യപ്പെട്ടു.

'ജാനുവും ഗീതാനന്ദനും ആദിവാസികളെ വഞ്ചിച്ചു'

കൽപറ്റ: മുത്തങ്ങ ഫോറസ്റ്റ് പ്രദേശത്ത് ആദിവാസി ഭൂസമരമെന്ന പേരിൽ കഴിഞ്ഞ ഒന്നരമാസമായി ആദിവാസികളെ കുടിയിരുത്തി കൊലയ്ക്ക് കാരണമാക്കി ഒടുവിൽ ഒളിവിൽപോയ സി.കെ.ജാനുവും ഗീതാനന്ദനും ആദിവാസികളെ വഞ്ചിച്ചിരിക്കയാണെന്ന് കേരള ദളിത് ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് എ.എം.ഗോപാലനും ഹിൽ പുലയ സമാജം ജില്ലാ ചെയർമാൻ കെ.ജി.നാരായണനും ആരോപിച്ചു.

അക്രമനയം തെറ്റ്: ഐ.എൻ.എൽ.

കൽപറ്റ: വീരപ്പൻ ശൈലിയിൽ നീതിപാലകരെയും ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും നേരിടുന്ന ജാനുവിന്റെയും കൂട്ടരെയും നയം അംഗീകരിക്കാനാവില്ലെന്ന് ഐ.എൻ.എൽ ജില്ലാ സെക്രട്ടേറിയറ്റ് വ്യക്തമാക്കി.

വി.സി.അബ്ദുല്ല അധ്യക്ഷത വഹിച്ചു. നീലിക്കണ്ടി സലാം, മുതിരമായൻ, മുഹമ്മദ് പഞ്ചാര, ഇമ്പിച്ചി , പുഴക്കൽ ഉസ്മാൻ, കോടിയിൽ മുഹമ്മദ്, അബ്ദുറഹിമാൻ, എം.കെ.നാസർ പ്രസംഗിച്ചു.

മുത്തങ്ങ വനമേഖലയായി നിലനിർത്തണം

കൽപറ്റ: മുത്തങ്ങ വനമേഖല വനമേഖലതന്നെയായി നിലനിർത്തണമെന്ന് യൂത്ത് കോൺഗ്രസ്(എസ്) ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

പ്രസിഡന്റ് സാജൻ പൊരുന്നിക്കൽ അധ്യക്ഷത വഹിച്ചു. വനം കയ്യേറിയ ആദിവാസികളെ ഒഴിപ്പിക്കാൻ സമരം ചെയ്യും.

സെക്രട്ടറി അഡ്വ.ടി.എം.മത്തായി, സുജിത്, ഷംസുദ്ദീൻ, ഷിജുമോൻ, നസീർ, റോണി ജോർജ് പ്രസംഗിച്ചു.

ജുഡീഷ്യൽ അന്വേഷണം വേണം

കൽപറ്റ: ആദിവാസി സമരത്തെ നേരിട്ട പൊലീസ് നടപടിയെകുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് കേരള സ്റ്റേറ്റ് ആദിവാസി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പള്ളിപ്രം ബാലൻ ആവശ്യപ്പെട്ടു.

ആദിവാസികൾക്ക് സഹായം നൽകണം

കൽപറ്റ: പൊലീസ് വെടിവയ്പ്പിൽ മരിച്ചവർക്കും പരുക്കേറ്റവർക്കും സാമ്പത്തിക സഹായം നൽകണമെന്ന് കേരള സംസ്ഥാന പട്ടികജാതി-വർഗ വികസന സമിതി ജില്ലാ കമ്മിറ്റി അംഗം പി.എൻ. വിനോദ് കുറുമൻ ആവശ്യപ്പെട്ടു.

കൺവൻഷൻ ബത്തേരിയിൽ

കൽപറ്റ: ആദിവാസിയെ മുത്തങ്ങയിൽ വെടിവച്ചുകൊലപ്പെടുത്തിയതിനെതിരെ മനുഷ്യാവകാശ പ്രതിരോധ കൺവൻഷൻ മാർച്ച് ഒൻപത്, പത്ത് തീയതികളിൽ ബത്തേരിയിൽ ചേരും.

സംഘാടക സമിതി ഫെബ്രുവരി 25നു രൂപവൽകരിക്കുമെന്ന് ആദിവാസി സമരസംഘ സെക്രട്ടറി തങ്കമ്മ അറിയിച്ചു.

വനംമന്ത്രിക്കു മുന്നിൽ വേദനകളും പരാതികളുമായി....

ബത്തേരി: ആദിവാസി ഗോത്രസഭാ പ്രവർത്തകരും സംയുക്തസേനയും തമ്മിൽ ഉണ്ടായ ഏറ്റുമുട്ടലിലും വെടിവയ്പിലും പരുക്കേറ്റ ആദിവാസികൾ വനംമന്ത്രിക്കു മുമ്പിൽ വിതുമ്പി.

ബത്തേരി താലൂക്ക് ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നവരെ സന്ദർശിച്ച മന്ത്രി സുധാകരനോട് വേദനകളും പരാതികളും മാത്രമായിരുന്നു ആദിവാസികൾക്കു പറയാനുണ്ടായിരുന്നത്.

'കാൽ മുതൽ തലവരെ വേദനയാണ് സാർ'- പറയുന്നത് മാനന്തവാടി ചാലിഗദ്ദ അംബേദ്കർ കോളനിയിലെ അപ്പുവാണ്. എന്താണ് സംഭവിച്ചതെന്ന മന്ത്രിയുടെ ചോദ്യത്തിന് പലരും വേദനയോടെയാണ് മറുപടി പറഞ്ഞത്. ഒന്നിനും പറ്റാത്തവിധത്തിലാണ് തങ്ങളുടെ ശരീരത്തിന്റെ അവസ്ഥയെന്നും ആദിവാസികൾ മന്ത്രിയോടു പറഞ്ഞു.

ഭൂമി കിട്ടുമെന്നു പ്രതീക്ഷിച്ചാണ് കാട്ടിൽ പോയതെങ്കിലും ഇങ്ങനത്തെ ദുർവിധി വന്നുചേരുമെന്ന് കരുതിയില്ലെന്നും ആദിവാസികൾ സങ്കടത്തോടെ പറഞ്ഞു. ആശുപത്രിയിലുള്ള 32 പേരെയും പ്രത്യേകം കണ്ട് മന്ത്രി കാര്യങ്ങൾ ചോദിച്ചറിഞ്ഞു.

'ഇതറിയാമായിരുന്നെങ്കിൽ വരില്ലായിരുന്നു'

ബത്തേരി: മുത്തങ്ങ സംഭവത്തിൽ പരുക്കേറ്റ് താലൂക്ക് ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന മുള്ളൻതുറ കോളനിയിലെ പാരമ്പര്യ വൈദ്യൻ നാഗപ്പന് (80) സംഭവം വിവരിക്കുമ്പോൾ ഭയവും വേദനയുമാണ്.

ഒരു പൊലീസുകാരനേയും ഒരു വനപാലകനേയും ബന്ദിയാക്കിയപ്പോൾ ഇവരെ മോചിപ്പിക്കാൻ സേനാമുന്നേറ്റം കണ്ടപ്പോൾതന്നെ നാഗപ്പനു തോന്നിയതാണ് കാര്യങ്ങൾ അപകടത്തിലേക്കാണെന്ന്.

നാഗപ്പൻ

വെടി പൊട്ടിത്തുടങ്ങിയപ്പോൾ പിന്നെ ഒന്നും നോക്കാതെയുള്ള ഓട്ടമാണ്. അതിനിടെ പൊലീസ് പിടികൂടി മർദിക്കുകയും ചെയ്തു. രണ്ടു പെൺമക്കളും ഭാര്യ ചില്ലിയും ഏതുവഴി ഓടിയെന്നോ എവിടെയെന്നോ അറിയില്ലെന്നും നാഗപ്പൻ പറയുന്നു.

നേതൃത്വം കൊടുത്തവർ ആരും ഇപ്പോൾ രംഗത്തില്ല. ഇതൊക്കെ മുൻകൂട്ടി അറിയുമായിരുന്നെങ്കിൽ ഭൂമി കയ്യേറാൻ ഇറങ്ങിത്തിരിക്കില്ലെന്നായിരുന്നു നാഗപ്പന്റെ മറുപടി. മരണംവരെ പോരാടണമെന്നു പറഞ്ഞ ജാനുവിനെ കാണാനില്ലെന്ന് നാഗപ്പൻ പറയുന്നു.

മുത്തങ്ങ സംഭവത്തിന്റെപേരിൽ ആദിവാസികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് പ്രവർത്തകർ ബത്തേരിയിൽ നടത്തിയ ഉപവാസം കുന്നേൽ കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

'കലാപം: ജാനുവിന് ഒഴിയാനാവില്ല'

ബത്തേരി: മുത്തങ്ങയിൽ രണ്ടു മനുഷ്യജീവനുകൾ ബലികൊടുക്കേണ്ടിവന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് സി.കെ.ജാനുവിന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്ന് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. സി.കെ.ജാനുവിന്റേയും ഗീതാനന്ദന്റേയും അശോകന്റേയും പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് പ്രസിഡന്റ് കെ.വിജയകുമാർ, ജനറൽ സെക്രട്ടറി കെ.ജയകുമാർ, ട്രഷറർ എം.വി.ബേബി എന്നിവർ ആവശ്യപ്പെട്ടു.

സമരക്കാർ നായാട്ട് നടത്തിയും കാടു കത്തിച്ചും ഒട്ടേറെ നാശങ്ങൾ വരുത്തിയിട്ടുണ്ട്. സർക്കാരിന്റെ നിഷ്ക്രിയത്വമാണ് ഈ പ്രശ്നം വഷളാക്കിയത്. ഭൂമി കയ്യേറി ദിവസങ്ങൾ കഴിഞ്ഞിട്ടും പ്രതികരിക്കാത്ത വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളുടെ പ്രസ്താവനകൾ ആത്മാർഥതയില്ലാത്തതാണ്. കൊല്ലപ്പെട്ട കോൺസ്റ്റബിൾ കെ.വിനോദിന്റെ കുടുംബത്തിനും പരുക്കേറ്റ ഫോറസ്റ്റർ ശശിധരനും സാമ്പത്തിക സഹായം നൽകുമെന്നും ഭാരവാഹികൾ പറഞ്ഞു.

അറസ്റ്റിലായവർക്ക് സംരക്ഷണം നൽകണം: ആദിവാസി ഐക്യസമിതി

ബത്തേരി: മുത്തങ്ങ സംഭവത്തിൽ അറസ്റ്റിലായവർക്ക് സംരക്ഷണം നൽകണമെന്നും പരുക്കുകളോടെ ആശുപത്രിയിൽ കഴിയുന്നവരെ കാണാൻ ബന്ധുക്കളെ അനുവദിക്കണമെന്നും ആദിവാസി ഐക്യസമിതി ആവശ്യപ്പെട്ടു.

പ്രസിഡന്റ് വി.ടി.കുമാർ അധ്യക്ഷത വഹിച്ചു.

രുഗ്മിണി, ഇ.കെ.ബാലൻ, കെ.അമ്മിണി, കെ.എൻ.ശശി, രാജൻ, ബാബു പ്രസംഗിച്ചു.

സി.കെ.ജാനുവിന്റെ പനവല്ലിയിലെ വീടിന് മുന്നിൽ അമ്മ വെള്ളച്ചിയും സഹോദരി മുത്തയും. നടുക്കുള്ളത് ബന്ധു ചിന്നു.

ആശങ്കകളോടെ ജാനുവിന്റെ അമ്മയും സഹോദരിയും

മാനന്തവാടി: പനവല്ലിയിലെ കുന്നിൻ മുകളിലെ വീട്ടിൽ റേഡിയോയിൽ പ്രാദേശിക വാർത്തയ്ക്ക് കാതോർത്തിരിക്കുകയാണ് സി.കെ. ജാനുവിന്റെ അമ്മ വെള്ളച്ചിയും സഹോദരി മുത്തയും . രണ്ട് മുഖങ്ങളിലും ഭയം. ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല. ഏറെ കഴിഞ്ഞ് ഭയം മാറിയപ്പോഴാണ് അവർ സംസാരിക്കാൻ തുടങ്ങിയത്.

ആദിവാസി ഗോത്രമഹാസഭാ ചെയർപഴ്സൺ സി.കെ.ജാനുവിന്റെ അമ്മ വെള്ളച്ചിയും സഹോദരി മുത്തയും ഓരോന്ന് പറയുമ്പോഴും തൊണ്ട ഇടറുകയാണ്. വെള്ളച്ചിയും മുത്തയും തൃശിലേരിയിലാണ് താമസം. മകളെ കുറേക്കാലമായി കാണാത്തതിനാൽ ഒരു നോക്ക് കാണാനാണ് ഈ അമ്മ കുന്നു കയറി വന്നത്. എന്നാൽ മുത്തങ്ങയിൽ എന്തെല്ലാമോ നടന്നുവെന്നല്ലാതെ മറ്റൊന്നും ഇവർക്കറിയില്ല. 'ജാനു ഇപ്പോ വരുമെന്ന് പ്രതീക്ഷിച്ചിരിക്കയാണ്. ഇനി കണ്ടിട്ടേ തൃശിലേരിക്ക് പോവുന്നുള്ളൂ' വെള്ളച്ചി 'മനോരമ'യോട് പറഞ്ഞു. മകളെ കാണാത്ത വിഷമത്തിനൊപ്പം ഇവരുടെ മുഖത്ത് ഭയവും നിറഞ്ഞു.

ജാനുവിന്റെ സഹോദരി മുത്തയുടെ മക്കളായ ബാബു, വിജേഷ് എന്നിവരും ജാനുവിന്റെ വീട്ടിലുണ്ടായിരുന്നു. അപ്പപാറയിലെ ബന്ധുക്കളുടെ വീട്ടിൽ ഇവർ പോയപ്പോൾ പൊലീസ് പിടിച്ചുകൊണ്ടുപോവുകയും മർദ്ദിക്കുകയും ചെയ്തുവെന്ന് മുത്ത പറഞ്ഞു. 'ഇന്ന് പൊലീസ് സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞിരുന്നു. അവർ അങ്ങോട്ട് പോയതാണ്' - മുത്തയുടെ കണ്ണുകൾ നിറഞ്ഞു.

'നിങ്ങളിതൊക്കെ എഴുതി കൊണ്ടുപോവുമ്പൊ എനിക്ക് പേടിയാ. നാട്ടുകാരൊക്കെ ഞങ്ങളെ കുറ്റപ്പെടുത്തുവാ. എന്താ ചെയ്യേണ്ടെന്ന് ഞങ്ങക്കറിയില്ല. വെള്ളച്ചിയുടെ വാക്കുകളിൽ പേടിയാണ് നിഴലിക്കുന്നത്.

അടുത്തുള്ള തോട്ടത്തിൽ രണ്ട് ദിവസം കാപ്പി പറിക്കാൻ പോയി കിട്ടിയ പണം കൊണ്ടാണ് അരി മേടിച്ചതെന്ന് മുത്ത പറഞ്ഞു. തൊട്ടടുത്ത വീട്ടിലെ ചിന്നുവെന്ന അയൽക്കാരി ഇടയ്ക്കിടെ വരും. മൂവരും ചേർന്നിരുന്ന് ഓരോന്ന് പറഞ്ഞ് വിലപിക്കും. ഈ പ്രശ്നങ്ങൾ എന്ന് തീരുമെന്ന് അറിയാത്ത പാവങ്ങൾ അനക്കം കേൾക്കുമ്പോഴെ ഭയന്ന് കഴിയുകയാണ്. ജാനു നേരത്തെ താമസിച്ചിരുന്ന വീട് പൊളിച്ച് അവിടെ തറ കെട്ടിയിട്ടിട്ടുണ്ട്. ഇപ്പോൾ ഒരു കുടിലിലാണ് വെള്ളച്ചിയും മുത്തയും താമസിക്കുന്നത്.

ആദിവാസികൾക്ക് നേരെയുള്ള കയ്യേറ്റം തടയും: കലക്ടർ

കൽപറ്റ: മുത്തങ്ങ സംഭവത്തിന്റെ പേരിൽ ആദിവാസി വിഭാഗങ്ങളെ കയ്യേറ്റം നടത്താനും പീഡിപ്പിക്കാനുമുള്ള ശ്രമങ്ങൾ കർശനമായി തടയുമെന്ന് ജില്ലാ കലക്ടർ കെ.ഗോപാലൻ വ്യക്തമാക്കി. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല. കുറ്റക്കാരെ ചൂണ്ടിക്കാണിക്കാൻ പൊതുജനങ്ങൾക്ക് ബാധ്യയുണ്ട്. പക്ഷെ അതിന്റെ മറവിൽ ആദിവാസികളെ അക്രമിക്കാനും പീഡിപ്പിക്കാനുള്ള ശ്രമങ്ങളെ കർശനനടപടികൾക്ക് വിധേയമാക്കും.

ബന്ധുക്കളെ കാണാൻ ചെന്നവർക്കും മർദ്ദനമേറ്റു

ബത്തേരി: കാട്ടിൽ കുടിൽ കെട്ടി താമസിക്കാൻ പോയ സഹോദരിയുടെ കുട്ടികളെ കാണാനുള്ള കൊതി കൊണ്ടാണ് ശാന്ത മുത്തങ്ങ കാട്ടിൽ പോയത്. പക്ഷേ എത്തിയത് സംഘർഷഭൂമിയിലേക്കാണ്. ശാന്തയുടെ സഹോദരിയുടെ ഇരട്ട കുട്ടികളായ വിനീത്, വിഷ്ണു എന്നിവരെ കാണാൻ കഴിഞ്ഞ ചൊവ്വാഴ്ചയാണ് നമ്പിക്കൊല്ലി കണ്ണങ്കോട് കോളനിയിലെ ശാന്ത കാട്ടിൽ പോയത്. ശാന്തയുടെ അച്ഛനും അമ്മയും മൂത്ത സഹോദരി ലതയും ഭർത്താവ് ബാലനും ബന്ധുക്കളായ പോളി, ബാബു എന്നിവരും കാട്ടിലാണ് താമസിക്കുന്നത്.

കുട്ടികളെ കണ്ട ശേഷം ഉടനെ മടങ്ങാമെന്ന് കരുതിയാണ് ശാന്ത പോയത്. സംഘർഷത്തിനിടെകുട്ടികൾക്കും പരുക്കേറ്റു.

വയനാട്ടിലെ മുത്തങ്ങയിലുണ്ടായ അക്രമത്തോടനുബന്ധിച്ച പൊലീസ് പിടിയിലായ ആദിവാസികളെ കണ്ണൂർ സെൻട്രൽ ജയിലിൽ എത്തിച്ചപ്പോൾ.

ഒന്നാം പ്രതി മുഖ്യമന്ത്രി: എൻ.സി.പി.

കൽപറ്റ: മുത്തങ്ങയിലെ അനിഷ്ട സംഭവങ്ങളിൽ ഒന്നാം പ്രതി മുഖ്യമന്ത്രിയാണെന്ന് എൻ.സി.പി. ജില്ലാ പ്രവർത്തക യോഗം ആരോപിച്ചു. സംസ്ഥാന പ്രസിഡന്റ് പി.സിറിയക് ജോൺ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് മോയിൻ കടവൻ അധ്യക്ഷത വഹിച്ചു.

പി.സൂപ്പി, കെ.പി.ദാമോദരൻ, കെ.എം.നാരായണൻ, കണ്ണേത്ത് ജോർജ്, മുടമ്പത്ത് മുഹമ്മദ്, അഡ്വ.കെ.യു.ബേബി, പി.ആർ. മാധവൻ, സുരേഷ് ബാബു, സി.ടി.നളിനാക്ഷൻ, പി.കെ.അബ്ദുറഹിമാൻ, എൻ.അച്യുതൻ പ്രസംഗിച്ചു.

ആദിവാസികളെ പീഡിപ്പിക്കുന്നെന്ന് മുഖ്യമന്ത്രിക്ക് പരാതി നൽകി

മാനന്തവാടി: മുത്തങ്ങ സംഭവത്തിന്റെ പേരിൽ പാവപ്പെട്ട ആദിവാസികളെ പീഡിപ്പിക്കുന്ന പൊലീസിന്റെയും വനംവകുപ്പിന്റെയും നടപടിക്കെതിരെ യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി അഡ്വ.ശ്രീകാന്ത് പട്ടയൻ മുഖ്യമന്ത്രിക്ക് പരാതി നൽകി.

പൊലീസ് കസ്റ്റഡിയിലെടുത്ത 280 ഓളം ആദിവാസികളെ പുറംലോകവുമായി ബന്ധപ്പെടാൻ അനുവദിക്കുന്നില്ല. ഇവർക്ക് ആവശ്യമായ ഭക്ഷണവും വൈദ്യസഹായവും നൽകാൻ അധികൃതർ കൂട്ടാക്കുന്നില്ല. പരുക്കേറ്റവർക്ക് വൈദ്യസഹായം നൽകാനും തയാറാവണം.

ജുഡീഷ്യൽ അന്വേഷണം നടത്തണം: സിദ്ദീഖ് ഹസൻ

കോഴിക്കോട്: മുത്തങ്ങ സംഭവത്തെകുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ജമാഅത്തെ ഇസ്ലാമി കേരള അമീർ പ്രഫ. കെ. എ. സിദ്ദീഖ് ഹസൻ ആവശ്യപ്പെട്ടു.

സംഭവത്തിന്റെപേരിൽ നിരപരാധികളായ ആദിവാസികൾക്കെതിരെ കള്ളക്കേസ് എടുക്കുകയാണെന്ന് കേരള ദളിത് ഫെഡറേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി ആരോപിച്ചു. പ്രസിഡന്റ് പി. ടി. ജനാർദനൻ അധ്യക്ഷത വഹിച്ചു. വെടിയേറ്റുമരിച്ച ആദിവാസി ജോഗിക്ക് ധനസഹായം നൽകണമെന്ന് ആർ.എസ്.എസ് പ്രാന്തകാര്യവാഹക് എ.ആർ.മോഹനൻ ആവശ്യപ്പെട്ടു.

റെഡ് ഫ്ളാഗ് ഉപവാസം നടത്തി

ബത്തേരി: ആദിവാസി വേട്ട അവസാനിപ്പിക്കുക, മുത്തങ്ങ സംഭവത്തിൽ വിദേശപണം പറ്റുന്ന ചാരസംഘടനകളുടെ പങ്കിനെകുറിച്ച് അന്വേഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സി.പി.ഐ.(എം.എൽ) റെഡ് ഫ്ളാഗ് പ്രവർത്തകർ ഉപവാസം നടത്തി.

ചോമൻ മൂപ്പൻ, ജില്ലാ സെക്രട്ടറി കുന്നേൽ കൃഷ്ണൻ, വിജയൻ കുഴിവേലി, എ.എൻ.സലീം കുമാർ, വി.പി.ജോസ്, സാം പി മാത്യു, ചന്ദ്രമതി പ്രസംഗിച്ചു.

മുത്തങ്ങയിലെ പൊലീസ് വെടിവയ്പിൽ മരിച്ച പയ്യമ്പള്ളി ചെമ്മാട് ജോഗിയുടെ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിക്കുന്നു.

ജോഗിയുടെ മരണം: മക്കൾ അനാഥരായി

മാനന്തവാടി: മുത്തങ്ങയിൽ പൊലീസ് വെടിവയ്പ്പിൽ മരിച്ച പയ്യമ്പള്ളി ചെമ്മാട് ജോഗിയുടെ മരണത്തോടെ ആറു മക്കൾ അനാഥരായി. അസുഖം പിടിപെട്ട് അഞ്ചു വർഷം മുൻപാണ് ജോഗിയുടെ ഭാര്യ കാളി മരിച്ചത്.

ജോഗിയുടെ മരണം അറിഞ്ഞത് മുതൽ മക്കളായ വിജയൻ, മാതൻ, ശിവൻ, ബിന്ദു, ലീല, സിന്ധു എന്നിവരുടെ കണ്ണുകൾ തോർന്നിട്ടില്ല. വ്യാഴാഴ്ച രാത്രി 11.30ന് മൃതദേഹവും കൊണ്ട് ആംബുലൻസ് എത്തിയെങ്കിലും ഇന്നലെ ഉച്ചയ്ക്കായിരുന്നു സംസ്കാരം. കുടകിൽ പണിക്ക് പോയ മകൻ മാതൻ എത്താൻ കാത്തുനിന്നതാണ്. ശിവൻ, ലീല, സിന്ധു എന്നിവർ വിവാഹം കഴിക്കാത്തവരാണ്. ലീല, മാനന്തവാടി മേരി മാതാ കോളജിൽ രണ്ടാം വർഷ ബിരുദ വിദ്യാർഥിനിയാണ്.

അടിയ വിഭാഗത്തിൽപ്പെടുന്ന ജോഗിയെക്കുറിച്ച് നാട്ടുകാർക്കെല്ലാം നല്ലതേ പറയാനുള്ളൂ. കുറച്ചുകാലമായി ആദിവാസി ഗോത്രമഹാസഭാ പ്രവർത്തനങ്ങളുമായി സഹകരിച്ചു വരുന്നേയുണ്ടായിരുന്നുള്ളൂ.

രണ്ടാഴ്ച മുൻപ് വീട്ടുപറമ്പിൽ കുരുമുളകു പറിച്ചുകൊണ്ടിരിക്കുമ്പോഴാണ് ചിലർ വന്നു മുത്തങ്ങക്ക് വിളിച്ചുകൊണ്ടു പോയത്. അതിനു ശേഷം കുടുംബാംഗങ്ങൾ കേൾക്കുന്നത് മരണ വാർത്തയാണ്.

വീടും ഒന്നരയേക്കർ തോട്ടവും സ്വന്തമായുള്ള ജോഗി മുത്തങ്ങയിൽ സമരത്തിന് എന്തിനു പോയിയെന്ന തിനാർക്കും ഉത്തരമില്ല. മികച്ച കെട്ടുപണിക്കാരനും കർഷകനുമായിരുന്നു ജോഗി. ശിവൻ, ലീല, സിന്ധു എന്നിവർക്കൊപ്പമായിരുന്നു ജോഗി താമസിച്ചിരുന്നത്. ജോഗിയുടെ മരണത്തോടെ തനിച്ചായിരിക്കുന്നത് ഇവരാണ്.

മുത്തങ്ങയിൽ പൊലീസ് വെടിവയ്പിൽ മരിച്ച പയ്യമ്പള്ളി ചെമ്മാട് ജോഗിയുടെ മക്കൾ. ഇടത്തുനിന്ന് ശിവൻ, മാതൻ, ലീല, ബിന്ദു, സിന്ധു.

വനപാലകർ തിരിച്ചെത്തി; നടുക്കത്തോടെ

നിലമ്പൂർ: ഓപ്പറേഷൻ മുത്തങ്ങ ദൗത്യനിർവഹണത്തിനു ശേഷം നിലമ്പൂരിൽനിന്നുള്ള വനപാലക സംഘം തിരിച്ചെത്തി.

സഹപ്രവർത്തകരെ പച്ചയോടെ വെട്ടിനുറുക്കുന്നതു കണ്ടതിന്റെയും വെടിവയ്പ്പിന്റെയും നടുക്കത്തിലാണ് എല്ലാവരും. മുഖ്യ വനപാലകന്റെ നിർദേശപ്രകാരം 30 പേരടങ്ങുന്ന രണ്ടു സംഘങ്ങളാണ് മുത്തങ്ങയിലേക്കു പോയത്.

ഫ്ളയിങ് സ്ക്വാഡ് റേഞ്ച് ഓഫിസർ പി. ബിജുവിന്റെയും ദ്രുതകർമസേനാ എസ്.ഐ: ഉണ്ണിക്കൃഷ്ണന്റെയും നേതൃത്വത്തിൽ ആദ്യസംഘം 18നും എ.സി.എഫ്: പി.പി. ചെറിയാൻ കുഞ്ഞ്, ഡപ്യൂട്ടി റേഞ്ചർ സി.കെ. സൈനുദ്ദീൻ എന്നിവരുടെ ചുമതലയിൽ രണ്ടാം സംഘം 19നു പുലർച്ചെയുമാണു പുറപ്പെട്ടത്. നിരായുധരായ വനപാലകർക്ക് പോരാട്ടമുഖത്തു പിൻനിരയിലായിരുന്നു സ്ഥാനം. അതുകൊണ്ടുതന്നെ ആർക്കും അപായവുമുണ്ടായില്ല. ജീവൻ പണയംവച്ചായിരുന്നു സേനയുടെ മുന്നേറ്റം. ചതിക്കുഴികൾക്കു പുറമേ വഴിക്ക് ഇരുവശവുമുള്ള മരങ്ങൾ വീഴാൻ പാകത്തിനു വെട്ടിയും വച്ചിരുന്നു. മുന്നേറി വരുമ്പോൾ മറിച്ചിട്ട് സേനയ്ക്കു ജീവാപായം വരുത്തുകയായിരുന്നു ലക്ഷ്യം.

സഹപ്രവർത്തകരെ ബന്ദികളാക്കി മരത്തിൽ കെട്ടിയിട്ട് കത്തികൊണ്ടു കുത്തിയതും മുൾക്കൂട്ടത്തിൽ കിടത്തി മണ്ണെണ്ണയൊഴിച്ചു തീകൊളുത്താൻ ഒരുമ്പെട്ടതുമെല്ലാം നിസ്സഹായതയോടെയാണ

ഇന്ന്

പരീക്ഷ മാറ്റി

- ഇന്നു നടത്താനിരുന്ന പട്ടിക വിഭാഗ വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശന പരീക്ഷ മാറ്റി.
- ഇന്നു നടത്താനിരുന്നയു. എസ്. എസ്. പരീക്ഷ തിങ്കളാഴ്ചത്തേക്ക് മാറ്റി.
- എലത്തൂർ- കൊയിലാണ്ടി റയിൽവേ സ്റ്റേഷനുകൾക്കിടയിൽ ദേശീയപാതയിൽ നിന്ന് ബീച്ചിലേക്ക് പോകുന്ന 199-ാം നമ്പർ റയിൽവേ ലെവൽ ക്രോസ് രാത്രി എട്ടര മുതൽ നാളെ രാവിലെ ആറുവരെ അടച്ചിടും. .

ആദിവാസി പ്രശ്നത്തിൽ സർക്കാരിനു പാളിച്ച പറ്റി: മുരളി

തിരുവനന്തപുരം : ആദിവാസി പ്രശ്നം കൈകാര്യം ചെയ്തതിൽ സർക്കാരിനു പാളിച്ച പറ്റിയെന്നു കെ. പി. സി. സി. പ്രസിഡന്റ് കെ. മുരളീധരൻ.

ഇക്കാര്യത്തിൽ തുടക്കം മുതൽ പാളിച്ച പറ്റി. ജാനുവിനെപ്പോലെയുള്ള ചിലരെ നേതാവായി അംഗീകരിച്ചതുതന്നെ തെറ്റായി. ജാനു ആദിവാസി നേതാവല്ല. അവരുടെ പിന്നിൽ വേറെ ചിലരാണ്.

ഇതെല്ലാം ഞങ്ങൾ അന്നേ പറഞ്ഞതാണ്. എന്നാൽ, സർക്കാർ അതു കേൾക്കാതെ അവരെ നേതാവായി അംഗീകരിച്ചു കരാറുണ്ടാക്കി. സ്ഥലം എം. പിയായ എന്നെയോ, വയനാട്ടിലെ എം. എൽ. എമാരെയോ ചർച്ചയ്ക്കു വിളിച്ചില്ല. എങ്കിൽ ഈ പ്രശ്നം ഉണ്ടാവില്ലായിരുന്നു. അതിന് ഇപ്പോൾ വലിയ വില കൊടുക്കേണ്ടിവന്നു. സൂചി കൊണ്ടെടുക്കേണ്ടത് തൂമ്പ കൊണ്ട് എടുക്കേണ്ട നിലയിലായി.

നടപ്പാക്കാൻ കഴിയാത്ത വാഗ്ദാനങ്ങളാണ് ആദിവാസികളുമായി ഉണ്ടാക്കിയ കരാറിൽ നൽകിയത്. ഡിസംബർ 31നു ഭൂമി നൽകുമെന്ന് ഉറപ്പു നൽകിയതു തെറ്റായി. ഇതൊന്നും പ്രായോഗികമല്ലെന്ന് അറിയുന്നവർക്ക് അറിയാമായിരുന്നു.

പൊലീസ് നടപടി തെറ്റായി എന്ന് അഭിപ്രായമില്ല. എന്നാൽ വൈകിപ്പോയി. നക്സലൈറ്റുകളാണ് അവിടെ പ്രശ്നമുണ്ടാക്കിയത്. പൊലീസ് നടപടിയെക്കുറിച്ച് അന്വേഷണം വേണമെന്ന് അഭിപ്രായമില്ലെന്നും മുരളി പറഞ്ഞു.

മുത്തങ്ങയിൽ പരുക്കേറ്റ പൊലീസുകാരന്റെ നില മെച്ചപ്പെട്ടു

കോഴിക്കോട്: മുത്തങ്ങയിൽ ആദിവാസികളുമായി ഉണ്ടായ ഏറ്റുമുട്ടലിൽ പരുക്കേറ്റ കണ്ണൂർ കെ.എ.പിയിലെ പൊലീസുകാരൻ അബ്ദുസലാമിന്റെ(29) നില ഏറെ മെച്ചപ്പെട്ടതായി ആശുപത്രി അധികൃതർ അറിയിച്ചു.

കഴുത്തിൽ ആഴത്തിലുള്ള മുറിവും കാലിൽ പൊട്ടലുമാണ് കാര്യമായ പരുക്കുകൾ. ശ്വാസോച്ഛ്വാസവും രക്തസമ്മർദവും സാധാരണ മട്ടിലായിട്ടുണ്ട്. അബ്ദുസലാം ഗുരുതരനില തരണം ചെയ്തതായാണ് റിപ്പോർട്ട്.

മെഡിക്കൽ കോളജ് ആശുപത്രിയിലുള്ള ഫോറസ്റ്റർ പി.കെ ശശിധരന്റെ(53) നിലയും മെച്ചപ്പെട്ടു. കണ്ണൂർ കെ. എ.പിയിലെ ടി.കെ വിനോദ് കുമാർ, ആദിവാസികളായ ബത്തേരി പൊന്നംകുഴി കോളനിയിലെ സോമൻ(35), കലൂർ തിരുവള്ളൂരിലെ ബാലൻ(27) എന്നിവരും മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

പിന്നിൽ ഛിദ്ര ശക്തികൾ: അനിൽകുമാർ

തിരുവനന്തപുരം: ആദിവാസികളെ പുനരധിവസിപ്പിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ അട്ടിമറിക്കാനും സമരം സായുധകലാപത്തിലെത്തിക്കാനും ചില ഛിദ്രശക്തികൾ നടത്തിയ നീക്കമാണു മുത്തങ്ങയിലെ പ്രശ്നത്തിനിടയാക്കിയതെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് കെ.പി. അനിൽകുമാർ ആരോപിച്ചു.

പ്രതിഷേധിക്കുന്നതിനു നിരവധി ജനാധിപത്യ മാർഗങ്ങളുണ്ടായിരിക്കെ ആദിവാസികളെ അക്രമ സമരത്തിലേക്കു തള്ളിവിട്ട് നേതാക്കൾ ഓടിയൊളിച്ചത് അപലപനീയമാണ്. ഈ സമരങ്ങൾ ആദിവാസികളെ മുഖ്യധാരയിൽനിന്നകറ്റുകയേ ഉള്ളൂ എന്ന് അനിൽകുമാർ പറഞ്ഞു.

രാഷ്ട്രപതി ബിൽ മടക്കി

ചെന്നൈ: ജയലളിതക്കും അണ്ണാ ഡി.എം.കെ മുൻമന്ത്രിമാർക്കും എതിരെയുള്ള അഴിമതി കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ രൂപവൽകരിക്കാനായി കരുണാനിധിയുടെ നേതൃത്വത്തിലുള്ള തമിഴ്നാട് സർക്കാർ കൊണ്ടുവന്ന 1997 ലെ ബില്ല് രാഷ്ട്രപതി എ.പി. ജെ. അബ്ദുൽ കലാം തിരിച്ചയച്ചു.

വനം കയ്യേറിയാൽ തടയും: മന്ത്രി സുധാകരൻ

ബത്തേരി: കേരളത്തിൽ എവിടെ വനഭൂമി കയ്യേറിയാലും എന്തുവില കൊടുത്തും സർക്കാർ അവരെ ഒഴിപ്പിക്കുമെന്ന് മന്ത്രി കെ. സുധാകരൻ പറഞ്ഞു. മുത്തങ്ങ സന്ദർശിച്ചശേഷം പത്രലേഖകരോടു സംസാരിക്കുകയായിരുന്നു സുധാകരൻ.

സി.കെ.ജാനു നിയമത്തിന്റെ മുൻപിൽ ക്രിമിനലാണ്. രാഷ്ട്രീയമായ രഹസ്യ അജൻഡയാണ് ജാനുവിനും കൂട്ടർക്കുമുള്ളത്. ഏതാനും മാധ്യമപ്രവർത്തകരടക്കം ചിലരെ സർക്കാർ നിരീക്ഷിക്കുന്നുണ്ട്. പാവപ്പെട്ട ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചാണ് ജാനുവും കൂട്ടരും വനഭൂമി കൈയേറിയതെന്ന് അദ്ദേഹം പറഞ്ഞു.

കൂടുതൽപേർ മരിച്ചുവെന്നതു തെറ്റായ പ്രചാരണമാണ്. പ്രതിപക്ഷ നേതാവ് മുത്തങ്ങ സന്ദർശിക്കുമ്പോൾ 14 മൃതദേഹങ്ങൾ കൈമാറുമെന്ന് ഒരു പത്രപ്രവർത്തകൻ പറഞ്ഞതായി വി.എസ്. തന്നെ മുഖ്യമന്ത്രിയോടു പറഞ്ഞിട്ടുണ്ട്. മുത്തങ്ങയിൽ സായുധസമരം സർക്കാർ പ്രതീക്ഷിച്ചതല്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദിവാസികൾക്കുവേണ്ടി അനുകൂലമായ തീരുമാനങ്ങൾ എടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത സർക്കാർ വേറെ ഉണ്ടായിട്ടില്ല.

ജനുവരി വരെ 1747 ഏക്കർ ഭൂമി 843 ആദിവാസി കുടുംബങ്ങൾക്കു പതിച്ചു കൊടുത്തിട്ടുണ്ട്. മാർച്ച് 31-നു ശേഷം1840 ഏക്കർ കൂടി പതിച്ചു കൊടുക്കാൻ ക്യാബിനറ്റ് തീരുമാനമെടുക്കുകയും ചെയ്തു. ഇതിനുപുറമെ ആലക്കോട് 1020 ഏക്കർ, കൊല്ലത്ത് 100 ഏക്കർ, പേരാമ്പ്ര 1461 ഏക്കർ ഭൂമി വീതം അടുത്ത ഗഡുവായി നൽകാനും നടപടിയായി. സൗജന്യ റേഷൻ നൽകി. 300 ആദിവാസികൾക്കു വനം വകുപ്പിൽ നിയമനം നൽകാൻ തീരുമാനിച്ച് 151 പേർക്കു ജോലി നൽകി. ആദിവാസിഉന്നമനത്തിനായി മാസ്റ്റർ പ്ലാൻ തയാറാക്കി.

ഈ സാഹചര്യത്തിൽ ആദിവാസികൾക്കു ഭൂമി നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയല്ല ജാനു വനഭൂമി കൈയേറിയത് എന്നു വ്യക്തമാണ്. രണ്ടുപേരെ ബന്ദികളാക്കി വെട്ടിയും കുത്തിയും ഇഞ്ചിഞ്ചായി കൊല്ലുന്ന സാഹചര്യത്തിൽ പൊലീസ് എന്തു ചെയ്യണമെന്നാണ് വിമർശകർ പറയുന്നത്? റബർ, പ്ലാസ്റ്റിക് ബുള്ളറ്റുകളാണ് പൊലീസ് ഉപയോഗിച്ചത്. മുഖ്യമന്ത്രിയോടു മാത്രമേ സംസാരിക്കൂ എന്നു കടുംപിടിത്തവുമായി നിന്നവരോട് എങ്ങനെ ചർച്ച നടത്താനാണ്. ജാനുവിനും സംഘത്തിനുമായി വനപാലകർ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്തിയില്ലെന്ന് മന്ത്രി പറഞ്ഞു.

അയ്യങ്കാളിപ്പട വില്ലേജ് ഓഫിസിലെ ഫയലുകൾ കത്തിച്ചു

കോലഞ്ചേരി: മുത്തങ്ങ സംഭവത്തിൽ പ്രതിഷേധിച്ച് അയ്യങ്കാളിപ്പട ഐക്കരനാട് സൗത്ത് വില്ലേജ് ഓഫിസിൽ അതിക്രമിച്ചു കയറി ഫയലുകൾക്കു തീയിട്ടു. നാടൻ ബോംബെറിഞ്ഞെങ്കിലും പൊട്ടിയില്ല. വില്ലേജ് ഓഫിസറെ കത്തി കാണിച്ചു ഭീഷണിപ്പെടുത്തി കസേരയിൽ ഇരുത്തിയ ശേഷമായിരുന്നു ഫയലുകൾ കത്തിച്ചത്.

അഞ്ചു പേർ അടങ്ങുന്ന സംഘം ഇന്നലെ രാവിലെ 10.30 നാണ് ഓഫിസിൽ എത്തിയത്. പെട്രോൾ നിറച്ച കുപ്പികളും കൈയിലുണ്ടായിരുന്നു. വില്ലേജ് ഓഫിസർ ഉൾപ്പെടെ നാലു ജീവനക്കാരാണ് ഓഫിസിൽ ഉണ്ടായിരുന്നത്.

'വയനാട്ടിൽ ആദിവാസികളെ ചുട്ടുകൊന്നതിനോടുള്ള' ഓഫിസറുടെ പ്രതികരണമെന്തെന്ന് സംഘം ചോദിച്ചു. പത്രത്തിൽ കണ്ട അറിവേയുള്ളൂ എന്നായിരുന്നു ഓഫിസറുടെ മറുപടി. തുടർന്ന്, ഞങ്ങൾ ഈ രീതിയിൽ പ്രതികരിക്കുമെന്നു പറഞ്ഞ് അക്രമികൾ ഫയലുകളിൽ പെട്രോൾ ഒഴിച്ചു തീയിടുകയായിരുന്നെന്ന് വില്ലേജ് ഓഫിസർ കെ.എസ്. നാരായണക്കുറുപ്പ് പറഞ്ഞു.

തണ്ടപ്പേർ റജിസ്റ്റർ അടക്കം നിരവധി രേഖകൾ നശിച്ചിട്ടുണ്ട്. തട്ടുകളിൽ സൂക്ഷിച്ചിരുന്ന ഫയലുകൾക്കും തീയിട്ടു.

ഓഫിസിലുണ്ടായിരുന്ന വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരെ പുറത്തിറങ്ങാൻ അനുവദിക്കാതെ ഭീഷണിപ്പെടുത്തിയ ശേഷമാണ് ഫയലുകൾ കത്തിച്ചത്. വില്ലേജ് ഓഫിസറുടെ മുറിയിൽ ഉണ്ടായിരുന്ന ഒരു നാട്ടുകാരനെയും കസേരയിൽ നിന്നെഴുന്നേൽക്കാൻ അനുവദിച്ചില്ല.

ഫയലുകൾ കത്തിച്ച ശേഷം മുറ്റത്തിറങ്ങിയ സംഘം മുദ്രാവാക്യം വിളിച്ച് ഓടി മറഞ്ഞു.

പുത്തൻകുരിശ് എസ്.ഐ: പി.എം. ഇബ്രാഹിമിന്റെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി.

മുത്തങ്ങ: 184 പേർ റിമാൻഡിൽ

സ്വന്തം ലേഖകൻ

മുത്തങ്ങ: ആദിവാസികളും പൊലീസുമായുണ്ടായ ഏറ്റുമുട്ടലിനോടനുബന്ധിച്ച് 184 ആദിവാസികളെ ബത്തേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് റിമാൻഡു ചെയ്തു. ഇവരെ കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്കയച്ചു. ഇന്നലെ 15 പേരെക്കൂടി അറസ്റ്റു ചെയ്തിട്ടുണ്ട്.

റിമാൻഡു ചെയ്യപ്പെട്ടവരിൽ 99 സ്ത്രീകളും 37 കുട്ടികളുമാണുള്ളത്. ഇതിൽ പരുക്കേറ്റ ഒരു സ്ത്രീ ബത്തേരി ആശുപത്രിയിൽ ചികിത്സയിലാണ്. 75 പേർ കുടി പൊലീസ് കസ്റ്റഡിയിലുണ്ട്. മുത്തങ്ങയുടെ പരിസരത്തെ ആദിവാസി കോളനികളിൽ പൊലീസ് റെയ്ഡു തുടരുകയാണ്.

കൂടുതൽ മൃതദേഹങ്ങളൊന്നും ഇതുവരെ കണ്ടെടുക്കാനായിട്ടില്ല. പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ സന്ദർശിക്കാനെത്തുമ്പോൾ 14 മൃതദേഹങ്ങൾ കൈമാറുമെന്ന് അഭ്യൂഹമുണ്ടായിരുന്നു.

റബർ, പ്ലാസ്റ്റിക് ബുള്ളറ്റുകൾ ഉപയോഗിച്ച് 24 റൗണ്ടാണ് വെടിവച്ചത്. അടുത്തുനിന്നു വെടിവയ്ക്കുമ്പോൾ റബർ ബുള്ളറ്റ് ശരീരത്തിൽ തുളച്ചു കയറാനിടയുണ്ട്. ജോഗി എന്ന ആദിവാസി മരിച്ചത് അങ്ങനെയാണ്. ബന്ദികളെ മണ്ണെണ്ണയൊഴിച്ചു കിടത്തിയ പുല്ലിൽ തീവയ്ക്കാനൊരുങ്ങുമ്പോഴാണ് ഇയാൾക്കു വെടിയേറ്റത്.

സാധാരണ ബുള്ളറ്റുപയോഗിച്ചായിരുന്നു വെടിവയ്പെങ്കിൽ മരണ സംഖ്യ കൂടുമായിരുന്നു. ഇത്രയും അടുത്തുനിന്ന് ഒരു ബുള്ളറ്റുതന്നെ പല ശരീരങ്ങൾ തുളയ്ക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

ഡി.ജി.പി.: കെ.ജെ.ജോസഫ് ഇന്നലെ മുത്തങ്ങ സന്ദർശിച്ച് ഉന്നത പൊലീസ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ആദിവാസികളിൽനിന്നു പിടിച്ചെടുത്ത ആയുധങ്ങളും രേഖകളും മുത്തങ്ങ ഫോറസ്റ്റ് ഓഫിസിലുണ്ട്. ആദിവാസികളല്ലാത്ത നിരവധിപേരുടെ ചിത്രങ്ങൾ കുടിലുകളിൽനിന്നു കണ്ടെടുത്തിട്ടുണ്ട്. ആദിവാസികൾക്ക് ആയുധപരിശീലനം നൽകിയവരാണിവരെന്നു കരുതുന്നു.

മുത്തങ്ങയിലേയും പരിസരത്തെയും ആദിവാസിക്കോളനികൾ ഭീതിയിലാണ്. മിക്ക കോളനികളിലും പുരുഷന്മാർ ആരുമില്ല. സമരവുമായി ബന്ധമില്ലാത്തവരെപ്പോലും കസ്റ്റഡിയിലെടുത്തതായി ആരോപണമുണ്ട്. നമ്പിക്കൊല്ലിയിലെ പുലിതൂക്കിമല കോളനിയിൽനിന്ന് അപരിചിതരായ മൂന്നു പുരുഷന്മാരേയും ഒരു സ്ത്രീയേയും കഴിഞ്ഞദിവസം പൊലീസ് പിടികൂടിയതായി ആദിവാസികൾ പറഞ്ഞു.

ബങ്കളം കോളനിയിൽ നിന്ന് ഒരു സ്ത്രീയെ ഇന്നലെ കസ്റ്റഡിയിലെടുത്തതായും അവർ പറഞ്ഞു. എന്നാൽ ഇതു സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

ജാനുവും സംഘവും തമിഴ്നാട്ടിലെ പാട്ടമലയിൽ ഒരു കോളനിയിലുണ്ടെന്ന് അഭ്യൂഹമുണ്ടായിരുന്നു. എന്നാൽ പുറത്തുനിന്നാരും കോളനികളിലെത്തിയിട്ടില്ലെന്ന് താമസക്കാർ തറപ്പിച്ചു പറയുന്നു. പാട്ടമല ടൗണിൽ നീലഗിരി പൊലീസ് കാവലുണ്ട്.

177 ആദിവാസികൾ സെൻട്രൽ ജയിലിൽ

കണ്ണൂർ: മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് 177 ആദിവാസികളെ കണ്ണൂർ സെൻട്രൽ ജയിലിൽ കൊണ്ടു വന്നു. ഇതിൽ 80 പരുഷന്മാരും 61 സ്ത്രീകളും 36 കുട്ടികളുമാണുള്ളത്. ആറ് മാസം പ്രായമായ കൈക്കുഞ്ഞുങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്.

വയനാട്ടിലെ അപ്പപ്പാറ, പാൽവെളിച്ചം, ശാലിഗദ്ദ അംബേദ്കർ കോളനി, നമ്പികൊല്ലി, കണ്ണങ്കോൽ, പുലിതൂക്കി, പനമരം, നീർവാരം, അമരകൊല്ലി കോളനികളിലെ ആദിവാസികളാണിവർ.

സുൽത്താൻ ബത്തേരി കോടതി റിമാൻഡ് ചെയ്ത പുരുഷ തടവുകാരെ രാവിലെ തന്നെ കണ്ണൂർ സെൻട്രൽ ജയിലിൽ എത്തിച്ചിരുന്നു.

ഇന്നലെ രാത്രി 8.30 നാണ് രണ്ട് കെ.എസ്.ആർ.ടി.സി. ബസുകളിലും ഒരു പൊലീസ് വാനിലുമായി സ്ത്രീകളും കുട്ടികളുമടങ്ങുന്ന ആദിവാസി സംഘത്തെ ജയിലിൽ എത്തിച്ചത്.

മുത്തങ്ങ: അന്വേഷണം വരെ ആന്റണി സ്ഥാനം ഒഴിയണമെന്ന് അച്യുതാനന്ദൻ

ബത്തേരി: മുത്തങ്ങ വെടിവയ്പു സംബന്ധിച്ച യഥാർഥ കാരണങ്ങൾ അന്വേഷണത്തിലൂടെ പുറത്തുവരുന്നതുവരെ ആന്റണി മുഖ്യമന്ത്രി സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ അഭിപ്രായപ്പെട്ടു. ആദിവാസികളെ കൊന്നു കുഴിച്ചുമൂടിയിരിക്കാമെന്നു ന്യായമായും ഊഹിക്കാമെന്നു പ്രതിപക്ഷകക്ഷി നേതാക്കൾക്കൊപ്പം സംഘർഷസ്ഥലങ്ങൾ സന്ദർശിച്ച അദ്ദേഹം പത്രലേഖകരോടു പറഞ്ഞു.

ജുഡീഷ്യൽ അന്വേഷണത്തിനുമാത്രമേ സത്യം പുറത്തുകൊണ്ടുവരാനാവൂ. മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ പൊലീസ് വെടിവച്ചുതുടങ്ങിയശേഷം 18 മണിക്കൂറോളം പത്രക്കാരെ മാറ്റിനിർത്തി. എല്ലാം സുതാര്യമെന്നു പറയുന്ന സുതാര്യക്കാരൻ ആന്റണി എന്തിനാണ് പത്രക്കാരെ പുറത്താക്കിയത്?

അവിടെ 18 റൗണ്ടു വെടിവച്ചുവെന്നാണ് ആന്റണി. നിയമസഭയിൽ പറഞ്ഞത്. ആദ്യം നാല് ആദിവാസികളും ഒരു പൊലീസുകാരനും മരിച്ചുവെന്നായിരുന്നു വാർത്ത. പിന്നീട് 14 പേർ എന്നായി. സർക്കാർ ഭാഷ്യം ഒരു ആദിവാസിയും ഒരു പൊലീസുകാരനുമെന്നാണ്. ജാനുവിന്റെ സമരത്തിൽ പങ്കെടുത്ത കുറേപ്പേരെ കാണാനില്ലെന്ന് ആശുപത്രിയിൽ കിടക്കുന്നവർ പറയുന്നു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ മരിച്ചത് ഒരു ആദിവാസിയാകാനിടയില്ല.ഗോത്രമഹാസഭയുടെ അക്രമസമരം ന്യായീകരിക്കാനാവില്ലെങ്കിലും അവരെ ആ നിലപാടിലേക്കെത്തിച്ചത് ഭൂമി നൽകാമെന്ന് വാഗ്ദാനം നൽകി പാലിക്കാതിരുന്ന സർക്കാരിന്റെ അനാസ്ഥയാണെന്ന് വി.എസ്. ആരോപിച്ചു.

നിരപരാധികളെ വേട്ടയാടുകയാണെന്ന് സി.പി.ഐ. നിയമസഭാ കക്ഷി നേതാവ് കെ.പി.രാജേന്ദ്രൻ പറഞ്ഞു. ജാനു ആദിവാസിപ്രശ്നം തീർക്കാൻവന്ന നേതാവല്ലെന്ന് പാലോളി മുഹമ്മദുകുട്ടി ആരോപിച്ചു.

ബത്തേരി ഗവ.ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന ആദിവാസികളെ നേരത്തെ സംഘം സന്ദർശിച്ചു. പൊലീസ് റെയ്ഡു നടത്തിയ ഏതാനും കോളനികളിലും പോയി.

പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ, എം. എൽ.എമാരായ കെ.രാധാകൃഷ്ണൻ, എം.വി.ജയരാജൻ, പി.കെ. ശ്രീമതി(സി.പി.എം), എ. നീലലോഹിത ദാസൻ നാടാർ(ജനതാദൾ), എ.സി.ഷണ്മുഖദാസ്(എൻ.സി.പി.), വി.സി.കബീർ(കോൺ-എസ്), ബിനോയ് വിശ്വം(സി.പി.ഐ.), കോവൂർ കുഞ്ഞുമോൻ(ആർ.എസ്.പി.) എന്നിവരും വി.എസിനോടൊപ്പമുണ്ടായിരുന്നു.

സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ, ജനതാദൾ സംസ്ഥാന പ്രസിഡന്റ് എം.പി.വീരേന്ദ്രകുമാർ, എൽ.ഡി.എഫ്. കൺവീനർ പാലോളി മുഹമ്മദു കുട്ടി, എ.പി.അബ്ദുല്ലക്കുട്ടി എം.പി, ടി.കെ. ഹംസ എന്നിവരും സംഘർഷ പ്രദേശങ്ങളും പരുക്കേറ്റ ആദിവാസികളേയും സന്ദർശിച്ചു.

മുത്തങ്ങ: മരിച്ച ആദിവാസികളുടെ കുടുംബാംഗങ്ങൾ നിരാഹാരം തുടങ്ങും

തിരുവനന്തപുരം: മുത്തങ്ങയിൽ പൊലീസിന്റെ വെടിയേറ്റ് 20 ആദിവാസികൾ മരിച്ചിട്ടുണ്ടെന്നും ഇവരുടെ കുടുംബാംഗങ്ങൾ സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിതകാല നിരാഹാരസമരം തുടങ്ങുമെന്നും ആദിവാസ ദളിത് സമരസമിതി നേതാക്കൾ അറിയിച്ചു.

മരിച്ചവരുടെ പേരുകൾ താമസിയാതെ പ്രഖ്യാപിക്കും. എത്ര പേർ മരിച്ചെന്നു സർക്കാർ വ്യക്തമാക്കണം. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അറസ്റ്റിലായ ആദിവാസികളെ നിരുപാധികം വിട്ടയയ്ക്കുകയും സംസ്ഥാനത്തുടനീളം നടക്കുന്ന ആദിവാസി വേട്ട അവസാനിപ്പിക്കുകയും വേണം.

പൊലീസ് പിന്മാറിയാൽ ആദിവാസികൾ ഇനിയും മുത്തങ്ങയിൽ കുടിൽകെട്ടുമെന്നും സംസ്ഥാന കൺവീനർ സ്പെൻസർ മാർക്കസ് പറഞ്ഞു. ജനുവരി നാലിനു തുടങ്ങിയ സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ ശ്രമിച്ചില്ല. ചർച്ചയ്ക്കു തയാറായിരുന്നെങ്കിൽ പ്രശ്നം തീരുമായിരുന്നു.

വിനോദ് നോവുന്ന ഓർമച്ചിത്രം

എ.ബി. ജിജിമോൻ

തിരുവനന്തപുരം: മുത്തങ്ങയിലെ കാടിനെയും ആദിവാസികളെയും കാരുണ്യത്തോടെ മാത്രം കണ്ടിരുന്ന പൊലീസ് കോൺസ്റ്റബിൾ വിനോദ് മുത്തങ്ങയുടെ മടിത്തട്ടിൽ തന്നെ ചോരവാർന്നു മരിച്ചതു വിധിയുടെ വൈരുധ്യമായി. പ്രകൃതിസ്നേഹിയായ വിനോദ് പത്തു വർഷം മുൻപ് മുത്തങ്ങാവനത്തിലെ പ്രകൃതി ക്യാംപിൽ പ്രകടിപ്പിച്ച ആവേശം അന്നത്തെ ക്യാംപ് അംഗം നിസാർ മറന്നിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറേറ്റിൽ 'പഞ്ചായത്ത്രാജ്' മാസികയുടെ എഡിറ്റോറിയൽ അസിസ്റ്റന്റ് കണ്ണൂർ ശ്രീകണ്ഠാപുരം ചുഴലി സ്വദേശിയായ കെ.പി. നിസാർ ഓർമകളിൽ വിനോദിനെ വരയ്ക്കുകയാണ്. കാടു കണ്ടു കൊതിതീരാതെ ആദിവാസികൾക്കൊപ്പം ഓടിനടന്ന വിനോദ്, അതേ കാട്ടിൽ ആദിവാസികളുടെ വെട്ടേറ്റു വീണല്ലോ എന്ന സങ്കടമാണു നിസാറിനെ തളർത്തുന്നത്.

തളിപ്പറമ്പ് സർ സെയിദ് കോളജിൽ പഠിക്കുമ്പോഴാണ് ഇരുവരും വനം വകുപ്പ് സംഘടിപ്പിച്ച മുത്തങ്ങ പ്രകൃതി ക്യാംപിൽ പങ്കെടുത്തത്- '93 ജനുവരിയിൽ. നിസാർ ഒന്നാം വർഷ ബി.എസ്സിക്കും വിനോദ് രണ്ടാം വർഷ ബി.എയ്ക്കും പഠിക്കുകയായിരുന്നു. നാഷനൽ സർവീസ് സ്കീം അംഗങ്ങൾക്കു വേണ്ടിയായിരുന്നു ക്യാംപ്.

''എല്ലാവരോടും നല്ല പെരുമാറ്റമായിരുന്നു വിനോദിന്റേത്. പ്രത്യേകിച്ച് ആദിവാസികളോട്. അവർ പറിച്ചുകൊടുത്ത നെല്ലിക്കയും തിന്നു വിനോദ് അവർക്കൊപ്പം ഒരുപാടു സമയം ചെലവഴിച്ചു. വനപാലകരുടെ തോക്കു പിടിച്ചു ഫോട്ടോയ്ക്കും പോസ് ചെയ്തു. മൂന്നു ദിവസം കഴിഞ്ഞു മടങ്ങുമ്പോൾ വല്ലാത്തൊരു അനുഭവമായി ക്യാംപ് മാറിയിരുന്നു''- നിസാർ പറഞ്ഞു.

അപാകത പരിഹരിക്കണം

കോഴിക്കോട്: ഹയർ സെക്കൻഡറി സിലബസിലെ അപാകതകൾ അടുത്ത അധ്യയന വർഷത്തിനു മുമ്പായി പരിഹരിക്കണമെന്ന് കേരള എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ (കെ. എ. എച്ച്. എസ്. ടി. എ) സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള അക്കാദമിക് കൗൺസിൽ ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ജോഷി ആന്റണി ഉദ്ഘാടനം ചെയ്തു. ചെയർമാൻ എ. കെ. അബ്ദുൽ ഹക്കീം അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി പി. മുഹമ്മദ് ഹാരിസ്, വൈസ് പ്രസിഡന്റുമാരായ കെ. സി. ഫസലുൽ ഹഖ്, എൻ. കെ. ശശിധരൻ, സെക്രട്ടറിമാരായ എൻ. ഡി. സണ്ണി, എ. ജെ. സെബാസ്റ്റ്യൻ, കെ. മുഹമ്മദ് ശരീഫ്, എം. ഗോവിന്ദൻ, ജി. എസ്. ലിജിൻ, സജി മാത്യു, സ്വാഗത സംഘം ജനറൽ കൺവീനർ മുരളി മോഹൻ എന്നിവർ പ്രസംഗിച്ചു. ഇന്ന് രാവിലെ 9. 30 ന് സി. എച്ച്. ഓഡിറ്റോറിയത്തിൽ മന്ത്രി പി. ശങ്കരൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.

മുത്തങ്ങയിലെ സത്യം തേടി വി.എസ്.

മുത്തങ്ങ(വയനാട്): 'ആദിവാസികളുടെ സർക്കുലറും അവർ കാണിച്ച പ്രവൃത്തികളും കിളികിളി പോലെ പറയുന്ന നമ്മുടെ ഫോറസ്റ്റർക്ക് വെടിവയ്പിനെക്കുറിച്ചു പറയുമ്പോൾ വളരെ വളരെ ലൂബ്ധ്'.... തന്റെ സ്വതസിദ്ധമായ ശൈലിയിൽ അൽപം നീട്ടി വി.എസ്.അച്യുതാനന്ദൻ ഇതു പറഞ്ഞപ്പോൾ കൂടെനടന്നു കാര്യങ്ങൾ വിശദീകരിക്കാൻ ബദ്ധപ്പെട്ടിരുന്ന വനം വകുപ്പ് ഉദ്യോഗസ്ഥൻ ഒന്നുകൂടി പരുങ്ങി.

മുത്തങ്ങയിൽ ആദിവാസികളും പൊലീസും ഏറ്റുമുട്ടിയ പൊൻകുഴി സന്ദർശിച്ചു മടങ്ങിവരവേയായിരുന്നു വി.എസിന്റെ കമന്റ്. ആദിവാസി ജോഗി വെടിയേറ്റുവീണ സ്ഥലവും പൊലീസുകാരൻ വിനോദിനെ വെട്ടിക്കൊന്ന സ്ഥലവും വനംവകുപ്പ് ഉദ്യോഗസ്ഥൻ വി.എസിനും കൂട്ടർക്കും കാണിച്ചുകൊടുത്തു. അവിടെ ചോര ഇപ്പോഴും ഉണങ്ങിയിട്ടില്ല.

കുടിലുകളിരുന്ന സ്ഥാനത്തൊക്കെ കറുത്ത ചാരം മാത്രം. അവയ്ക്കിടയിൽ പാത്രങ്ങളും വസ്ത്രങ്ങളുമൊക്കെ ചിതറിക്കിടക്കുന്നു. ഒരു യുദ്ധം കഴിഞ്ഞതിന്റെ പ്രതീതി. കാട്ടിനുള്ളിലാണു പൊൻകുഴി. പോകുന്ന വഴിയിൽ ആദിവാസി ഗോത്രസഭയുടെ ചെക്ക് പോസ്റ്റ് നിന്ന സ്ഥലവും ചതിക്കുഴികളുമൊക്കെ കാണാം. നടപ്പാതയിൽ മരം മുറിച്ചുതള്ളിയിരിക്കുന്നു. പാതി കരിഞ്ഞ മുള്ളുകൾക്കിടയിലൂടെ വേണം നടക്കാൻ.

ആദിവാസികൾ കഴിഞ്ഞവർഷം മുതലേ വനം കൈയേറാൻ പദ്ധതിയിട്ടിരുന്നുവെന്ന് ഉദ്യോഗസ്ഥൻ പറഞ്ഞപ്പോൾ വി.എസ്. തലയാട്ടി കേട്ടു. സർക്കുലർ മുഖേന അവർ ഇതു വിവിധ ശാഖകളിലെത്തിച്ചതും ഓപറേഷൻ

22 ശനി
ഫെബ്രുവരി 2003

ദേശാഭിമാനി

1178 കുംഭം 10
കൊച്ചി

Established in 1942 | KOZHIKODE ▪ KOCHI ▪ THIRUVANANTHAPURAM ▪ KANNUR ▪ KOTTAYAM ▪ THRISSUR ▪ www.deshabhimani.com | പേജ് 12 ▪ വില 3.25 രൂപ

'ലാത്തിച്ചാർജിനിടെ ഗർഭിണിയെ തെരയാനാവില്ല'

കോഴിക്കോട്: ലാത്തിച്ചാർജിനും വെടിവെപ്പിനും മുമ്പ് 'ശ്രീമതി ഗർഭിണിയാണോ' എന്ന് ക്ഷേമാന്വേഷണം നടത്താനൊന്നും പൊലീസിന് സാധിക്കില്ലെന്ന് ഡിജിപി കെ ജെ ജോസഫ്. മുത്തങ്ങയിൽ ആദിവാസിസ്ത്രീകളെയും ഗർഭിണികളെയും കുട്ടികളെയും പൊലീസ് ലാത്തിച്ചാർജ് ചെയ്തതിനെ ഡിജിപി ഇങ്ങനെ ന്യായീകരിച്ചു.

ഭൂമി പിടിക്കാൻ കുഞ്ഞുകുട്ടികളെയും അമ്മമാരെയും ഗർഭിണികളെയും കൊണ്ടുവരാൻ ആരാണ് പറഞ്ഞത്? ഇമ്മാതിരി പരിപാടിക്ക് ആരോഗ്യമുള്ളവർ വന്നാൽപോരെ. പൊലീസ് നടത്തിയ 'ഓപ്പറേഷനിൽ' ഏറ്റവും കുറച്ച് നഷ്ടമേ ഉണ്ടായിട്ടുള്ളൂ. വെടിവെക്കുമ്പോൾ പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും പാലിച്ചെന്ന് അകാശപ്പെട്ട ഡിജിപി ആ സാഹചര്യത്തിൽ അധികം മാനദണ്ഡം നോക്കിയാൽ 'ദേഹദണ്ഡം' വരുമെന്ന് പറഞ്ഞു.

? ഉത്തര മേഖലാ ഡിഐജി എൻ ശങ്കർറെഡ്ഡി ഗസ്റ്റ് ഹൗസിൽ ഇരുന്നാണ് കാര്യങ്ങൾ നിയന്ത്രിച്ചതെന്ന വിമർശനം.

= ഞാൻ എവിടെയായിരുന്നുവെന്ന് നിങ്ങൾ അന്വേഷിച്ചോ? നിങ്ങളുടെ ചീഫ് എഡിറ്റർ എവിടെയിരുന്നിട്ടാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നതെന്ന് ഞാൻ അന്വേഷിക്കാറുണ്ടോ? അറിയാത്ത വകുപ്പിനെക്കുറിച്ച് ആരും സംസാരിക്കരുത്.

? ആദിവാസികളെ പൊലീസ് വേട്ടയാടുകയാണല്ലോ.

= ആരാണിങ്ങനെ പറഞ്ഞത്. പറഞ്ഞ വ്യക്തിയുടെ പേര് പറയൂ.

? കെ എ പി കമാണ്ടൻറ് സുരേഷ് പുരോഹിതിനെ 'ഓപ്പറേഷൻ' ഏൽപ്പിച്ചതിനെക്കുറിച്ച് വിമർശനമുണ്ടല്ലോ.

= ആരെ, എവിടെ, എന്തിന് നിയോഗിക്കണമെന്ന് ഡിജിപിക്കറിയാം. എസ്പിയെ എവിടെ ജോലിക്കയക്കണമെന്ന് ഡിജിപി ജോസഫ് തീരുമാനിക്കും.

◆ മുത്തങ്ങയിലെ സംഭവസ്ഥലത്തേക്കു പോകുന്ന എൽഡിഎഫ് നേതാക്കൾ

മുഖ്യമന്ത്രി രാജിവെക്കണം: പ്രതിപക്ഷം

സ്വന്തം പ്രതിനിധി

ബത്തേരി: മുത്തങ്ങ സംഭവത്തിൻെറ ഉത്തരവാദിത്തം ഏറ്റെടുത്ത് എ കെ ആൻറണി മുഖ്യമന്ത്രിസ്ഥാനം രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദനും കക്ഷിനേതാക്കളും ആവശ്യപ്പെട്ടു. കേരളത്തിൻെറ ചരിത്രത്തിൽ ആദ്യമായാണ് പൊലീസ് വെടിവെപ്പിൽ ആദിവാസി കൊല്ലപ്പെടുന്നത്. ഒരു ആദിവാസി മാത്രമെ മരിച്ചുള്ളൂവെന്നാണ് ഔദ്യോഗിക ഭാഷ്യമെങ്കിലും ഇതിലേറെ പേർ മരിക്കാനാണ് സാധ്യതയെന്ന് സംഭവ സ്ഥലം പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടതായും വി എസ് പറഞ്ഞു.

പ്രതിപക്ഷ എംഎൽഎമാരോടൊപ്പം വെടിവെപ്പ് നടന്ന സ്ഥലവും പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരെയും സന്ദർശിച്ച ശേഷം പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു വി എസ്: എംഎൽഎമാരായ നീലലോഹിതദാസ് നാടാർ, എ സി ഷൺമുഖദാസ്, പി സി ജോർജ്, വി സി കബീർ, കെ പി രാജേന്ദ്രൻ, ബി നോയ് വിശ്വം, കോവൂർ കുഞ്ഞുമോൻ, കെ രാധാകൃഷ്ണൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഒരു ആദിവാസിയും ഒരു പൊലീസുകാരനും കൊല്ലപ്പെട്ടുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ സ്ഥിതിഗതികൾ അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് ഇത് പൂർണ്ണമായും ശരിയല്ലെന്നാണ്. നാല് ആദിവാസികളും ഒരു പൊലീസുകാരനും കൊല്ലപ്പെട്ടുവെന്നാണ് പത്രം ആപ്പീസുകളിലും രാഷ്ട്രീയ പാർടി ആപ്പീസുകളിലും ആദ്യം ലഭിച്ച വിവ[illegible] പറഞ്ഞത് 18 റൗണ്ട് വെടിവെച്ചുവെന്നാണ്. ആൻറണിയുടെ കണക്ക് ശരിയാണെങ്കിൽ തന്നെ മരണം ഒന്നിൽ നിൽക്കില്ല. പരിക്കേറ്റ ആശുപത്രിയിൽ കഴിയുന്നവരിൽ മൂന്ന് നാല് പേർക്ക് മാത്രമാണ് വെടിയേറ്റത്. മറ്റ് വെടികൾ എവിടെപ്പോയി ?.

റബ്ബർ ബുള്ളറ്റ് ഉപയോഗിച്ചുവെന്നാണല്ലോ പൊലീസ് മേധാ[illegible] നോക്കിനിന്നു. ഇക്കാര്യമായി ചർച്ച [illegible] ചെയ്തതെന്ന് [illegible] ആ[illegible]

ന്ന് സ്ത്രീകളും എട്ട് പുരുഷൻമാരും മരിച്ചുവെന്നായി.

വെടിവെപ്പ് നടന്ന സ്ഥലത്തിന് പിന്നിൽ നിബിഡവനമാണ്. സ്വാഭാവികമായും രക്ഷപ്പെടാൻ ഓടുന്നത് നിബിഡ വനത്തിലേക്കാണ്. വെടിവെപ്പിൽ പരിക്കേറ്റവരെയും എടുത്ത് മറ്റുള്ളവർ വനത്തിലേക്ക് ഓടിയിട്ടുണ്ടാവുമെന്ന സംശയവുമുണ്ട്.

മുഖ്യമന്ത്രി അസംബ്ലിയിൽ

പൊലീസ് വെടിവെപ്പിൽ ആദിവാസി മരിക്കുന്നത് ചരിത്രത്തിൽ ആദ്യം

ഒന്നിൽ കൂടുതൽപേർ മരിച്ചിരിക്കാൻ സാധ്യത

ഖകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഒറിജിനൽ വെടിതന്നെ വെച്ചുവെന്ന് മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് വി എസ് മറുപടി പറഞ്ഞു.

പൊലീസ് നടപടി കഴിഞ്ഞ് ഏതാണ്ട് 18 മണിക്കൂറോളം മാധ്യമ പ്രവർത്തകരെ അങ്ങോട്ട് കടത്തിവിട്ടില്ല. ഈ സമയത്ത് മരിച്ചവരെ കുഴിച്ചുമൂടിയെന്ന് സംശയിച്ചാൽ തെറ്റില്ല. കാര്യങ്ങളെല്ലാം ശരിയാക്കുന്നതുവരെ മാധ്യമ പ്രവർത്തകരെ മാറ്റിനിർത്തിയെന്ന് വേണം കരുതാൻ.

ആദിവാസികളെ നേരിടാൻ കെ എ പി ബറ്റാലിയനിലെ സുരേഷ് പുരോഹിത് എന്ന ഉദ്യോഗസ്ഥനെയാണ് നിയോഗിച്ചത്. ഇയാൾ പണ്ട് കൊയിലാണ്ടിയിൽ സ്കൂൾ യുവജനോൽസവം കയ്യേറി വിദ്യാർഥികളെ അടിച്ചോടിച്ചയാളാണ്. കണ്ണൂർ കെ എ പി ബറ്റാലിയനിലെ പൊലീസുകാരോട് വളരെ ക്രൂരമായാണ് ഇയാൾ പെരുമാറുന്നത്. ഈ മാന്യനെത്തന്നെ സമരം നേരിടാൻ ആൻറണി നിയോഗിച്ചതിനെ ക്കുറിച്ചും അന്വേഷിക്കേണ്ടിയിരിക്കുന്നു.

പാവപ്പെട്ട ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി നൽകാത്തതുകൊണ്ടാണ് ആദിവാസി മേഖല വീണ്ടും പ്രക്ഷുബ്ധമായത്. ആദിവാസി ക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ ഭൂപ്രശ്നം ഉന്നയിച്ച് സമാധാനപരമായ രീതിയിൽ സമരം നടക്കുന്നുണ്ട്. എന്നാൽ ആൻറണിയുടെ താൽപ്പര്യക്കാരിയായ ജാനുവിൻെറ സമരം അക്രമാസക്തമാവുകയായിരുന്നു.

സമരം തുടങ്ങി 45 ദിവസത്തോളം സർക്കാർ കയ്യുംകെട്ടി നോക്കിനിന്നു. ഇക്കാര്യമായി ചർച്ച [illegible] സെക്ര[illegible]

രണ്ടാം ദിവസവും പ്രതിപക്ഷ വാക്കൗട്ട്

തിരു: ആദിവാസികൾക്കുനേരെയുള്ള പൊലീസ് ഭീകരതയിൽ പ്രതിഷേധിച്ച് വെള്ളിയാഴ്ച പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു.

ചോദ്യോത്തരവേളയിൽ പങ്കെടുത്ത പ്രതിപക്ഷം ശൂന്യവേളയിൽ ഈ പ്രശ്നത്തിന്മേൽ പ്രതിഷേധമുയർത്തി. വയനാട്ടിൽ ആദിവാസികൾക്കെതിരെ പൊലീസ് പീഡനം നടക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തെ പി ജയരാജൻ അടക്കമുള്ളവർ അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരുന്നെങ്കിലും സഭയിൽ പരാമർശിക്കാൻ അനുവദിച്ചില്ല. ഇതേത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യംവിളിയോടെ പ്ലക്കാർഡുയർത്തി ഇരിപ്പിടം വിട്ടു. സിപിഐ എം നിയമസഭാ സെക്രട്ടറി ഡോ. ടി എം തോമസ് ഐസക്കിൻെറ നേതൃത്വത്തിലായിരുന്നു വെള്ളിയാഴ്ച പോരാട്ടം നടത്തിയത്.

അടിയന്തരപ്രമേയത്തിന് അനുമതി നൽകുന്നില്ലെന്ന് വ്യക്തമാക്കിയ സ്പീക്കർ വക്കം പുരുഷോത്തമൻ ആദിവാസികളെ അടിച്ചമർത്തുന്ന പൊലീസ് ഭീകരതയെ പരസ്യമായി ന്യായീകരിച്ചു.

'എൽഡിഎഫ് നേതാക്കൾ മുത്തങ്ങ സന്ദർശിക്കുന്ന സ്ഥിതിക്ക് സഭയിൽ ഒരു സീനുണ്ടാക്കാനാണ് ഉദ്ദേശ്യമെങ്കിൽ അത് ചെയ്തോ. രണ്ട് പൊലീസുകാരെ മണ്ണെണ്ണയൊഴിച്ച് പുല്ല് കൂട്ടിയിട്ട് തീവെച്ച് കൊന്നിരുന്നെങ്കിൽ ഈ മുഖ്യമന്ത്രിയെ ഞാനെതിർത്തേനെ. ഒരു സമാന്തരഭരണം ഉണ്ടാക്കാനുള്ള ശ്രമത്തെ അടിച്ചോ വെടിവെച്ചോ അമർത്തണം. അതെൻെറ വ്യക്തിപരമായ അഭിപ്രായമാണ്' – സ്പീക്കർ കനത്തശബ്ദത്തിൽ അത് പറഞ്ഞപ്പോൾ മന്ത്രി എം എ കൂട്ടപ്പൻ അടക്കമുള്ള ഭരണപക്ഷത്തുള്ളവർ ഡസ്കിലടിച്ച് പിന്തുണപ്പു[illegible]

എന്നാൽ, [illegible] വിളിയോടെ പ്രതിപക്ഷം രോഷം പ്രകടിപ്പിച്ചു. 'ആദിവാസി പീഡനം അവസാനിപ്പിക്കുക', 'മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ച് അവർ നടുത്തളത്തിൻെറ അരികിലെത്തി. കുറച്ചുനേരം മുദ്രാവാക്യം വിളിച്ച ശേഷം സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി അറിയിച്ച് പ്രകടനമായി പുറത്തേക്ക് പോയി.

ഭരണകൂട ഭീകരതയാണ് വയനാട്ടിൽ ഇപ്പോൾ നടക്കുന്നതെന്ന് ഡോ. ടി എം തോമസ് ഐസക്കും പി ജയരാജനും സഭാമന്ദിരത്തിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ജനരോഷം ആദിവാസികൾക്കെതിരെ തിരിച്ചുവിടുന്നതിനുള്ള ബോധപൂർവമായ പരിശ്രമത്തിൻെറ ഭാഗമാണ് സ്പീക്കർ സഭയിൽ നടത്തിയ പരാമർശങ്ങളെ[illegible] ആദിവാസി ദളിത് സംഘടനകൾ [illegible]

ഇന്ന് ഹർത്താൽ

തിരു: മുത്തങ്ങ സംഭവത്തിൽ പ്രതിഷേധിച്ച് ശനിയാഴ്ച രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെ ഹർത്താൽ ആചരിക്കുമെന്ന് ആദിവാസി ദളിത് സംയുക്ത സമരസമിതി കൺവീനർ സ്പെൻസർ മാർക്കസ് പത്രസമ്മേളനത്തിൽ അറിയിച്ചു.

കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ വിട്ടുകൊടുത്തില്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങൾ സെക്രട്ടറിയറ്റ് പടിക്കൽ നിരാഹാരസത്യഗ്രഹം നടത്തും. കുട്ടികളും വൃദ്ധകളും ഉൾപ്പെടെ ഇരുപതോളംപേർ മരിച്ചതായും അവരുടെ പേരുവിവരം പിന്നീട് പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

2500 ആദിവാസികൾ മുത്തങ്ങയിലുണ്ടായിരുന്നു. 240 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

ശനിയാഴ്ച സംസ്ഥാനത്ത് ഹർത്താൽ നടത്തുമെന്ന് വിവിധ [illegible]

അയോധ്യ: കേന്ദ്രത്തിൻെറ ആവശ്യം സുപ്രിംകോടതി വീണ്ടും തള്ളി

വി ബി പരമേശ്വരൻ

ദില്ലി: അയോധ്യ കേസിൽ ഉടൻ വാദം കേൾക്കണമെന്ന കേന്ദ്ര സർക്കാരിൻെറ ആവശ്യം സുപ്രിംകോടതി വീണ്ടും തള്ളി. വാദം കേൾക്കൽ മാർച്ച് ആറിലേക്ക് നീട്ടിവെച്ചു. ഗവർമെണ്ട് ഏറ്റെടുത്ത ഭൂമിയിൽ നിർമാണപ്രവർത്തനങ്ങളും മതചടങ്ങുകളും തടഞ്ഞുകൊണ്ടുള്ള സ്റ്റേ റദ്ദാക്കാനും സുപ്രിംകോടതി തയ്യാറായില്ല. ചീഫ് ജസ്റ്റിസ് വി എൻ ഖരെ, ജസ്റ്റിസ് വി എൻ ലക്ഷ്മൺ എന്നിവരടങ്ങിയ ബഞ്ചാണ് വാജ്പേയി സർക്കാരിൻെറ അഭ്യർഥന തള്ളിയത്.

ഉടൻ വാദം കേൾക്കണമെന്ന ആവശ്യം ഫെബ്രുവരി 13 നും സുപ്രിംകോടതി തള്ളിയിരുന്നു. മാർച്ച് ആറിന് വാദംകേൾക്കാൻ ചീഫ് ജസ്റ്റിസ് അധ്യക്ഷനായി അഞ്ചംഗ ഭരണഘടനാബഞ്ച് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും കക്ഷികൾക്ക് എതിരഭിപ്രായമുണ്ടെങ്കിൽ ഒരാഴ്ചക്കകം കോടതിയിൽ സമർപ്പിക്കണം. ഗവർമെണ്ടിന് ഇതിനോട് വിയോജിപ്പുണ്ടെങ്കിൽ അത് മാർച്ച് ആറിനകവും സമർപ്പിക്കണം.

ഗവർമെണ്ട് ഏറ്റെടുത്ത ഭൂമി ഫെബ്രുവരി 22 നകം ക്ഷേത്രനിർമാണത്തിന് കൈമാറാത്തപക്ഷം പ്രക്ഷോഭമാരംഭിക്കുമെന്ന് വിഎച്ച്പിയുടെ പ്രഖ്യാപനത്തിൻെറ പശ്ചാത്തലത്തിൽ ഫെബ്രുവരി നാലിനാണ് വാജ്പേയി സർക്കാർ സുപ്രിംകോടതിയെ സമീപിച്ചത്. ഇതിനെതിരെ അസ്ലം ഭൂരെ നൽകിയ ഹർജിയും സുപ്രിംകോടതി വെള്ളിയാഴ്ച പരിഗണനക്കെടുത്തു. എന്നാൽ, മത ചടങ്ങുകൾക്കുള്ള സ്റ്റേ നീക്കണമെന്ന ആവശ്യം കോടതി തള്ളിയതോടെ വിഎച്ച്പിയുടെ പ്രക്ഷോഭപ്രഖ്യാപനം അവതാളത്തിലാകുമെന്നാണ് സൂചന.

ഫെബ്രുവരി 28 നെങ്കിലും വാദംകേൾക്കണമെന്ന് ഗവർമെണ്ടിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ കിർത് റാവൽ കോടതിയോട് അഭ്യർഥിച്ചു. അഡ്വ. പി പരമേശ്വരനും റാവലിനൊപ്പം ഹാജരായി. ഇതേ വാദഗതിയാണ് വിഎച്ച്പിയും ഉന്നയിച്ചത്.

എന്നാൽ, മുസ്ലിം വ്യക്തിനിയമ ബോർഡിനുവേണ്ടി ഹാജരായ കപിൽസിബാലും ബാബറി മസ്ജിദ് ആക്ഷൻ കമ്മിറ്റിക്കുവേണ്ടി ഹാജരായ രാജീവ്ധവാനും ഈ ആവശ്യത്തെ എതിർത്തു. ക്ഷേത്രനിർമാണവും ആരാധനയും തടഞ്ഞുകൊണ്ടുള്ള സുപ്രിംകോടതിയുടെ ഉത്തരവ് വന്നിട്ട് പതിനൊന്ന് മാസം കഴിഞ്ഞിട്ടും ഒന്നുംചെയ്യാത്ത കേന്ദ്രസർക്കാർ ഇപ്പോൾ ഉടൻ വാദം കേൾക്കണമെന്ന് ആവശ്യപ്പെടുന്നതിൽ എന്തർഥമാണുള്ളതെന്ന് സിബാൽ ചോദിച്ചു.

പ്രധാനമന്ത്രിയുടെ പ്രസ്താവനയെ സിപിഐ എം അപലപിച്ചു

ദില്ലി: അയോധ്യയിൽ തർക്കസ്ഥലത്ത് ഹിന്ദുക്ഷേത്രം നിലനിന്നിരുന്നുവെന്നതിന് തെളിവുണ്ടെന്ന പ്രധാനമന്ത്രി വാജ്പേയിയുടെ പ്രസ്താവന പ്രശ്നം കൂടുതൽ വഷളാക്കുമെന്ന് സിപിഐ എം പൊളിറ്റ്ബ്യൂറോ അഭിപ്രായപ്പെട്ടു. ഉത്തരവാദിത്തബോധം മറന്നുകൊണ്ടുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവനയെ പി ബി ശക്തമായി അപലപിച്ചു.

തർക്കപ്രശ്നത്തിൽ സുപ്രിംകോടതിവിധി മാനിക്കുമെന്ന കേന്ദ്രഗവർമെണ്ടിൻെറ മുൻനിലപാടിൽനിന്നുള്ള വ്യക്തമായ പിറകോട്ടുപോക്കാണ് പ്രധാനമന്ത്രിയുടെ പ്രസ്താവനയിലൂടെ വ്യക്തമാവുന്നത്. അയോധ്യയിൽ ക്ഷേത്രം നിലനിന്നതിന് തെളിവുണ്ടെന്നും ഇത് തെളിയിക്കാൻ സാധിച്ചില്ലെങ്കിൽ കോടതിവിധി മാനിക്കുമെന്നുമാണ് ഹിമാചൽപ്രദേശിലെ തെരഞ്ഞെടുപ്പുറാലിയിൽ പ്രധാനമന്ത്രി പ്രസംഗിച്ചത്. തർക്കം സംബന്ധിച്ച കാര്യങ്ങളെല്ലാം ഇപ്പോഴും അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിനുമുമ്പാകെയാണ്. നിയമ നടപടിക്രമങ്ങൾ ഇപ്പോഴും നടന്നുവരികയാണ്.

പ്രധാനമന്ത്രി നടത്തിയ അഭിപ്രായങ്ങൾ ആർഎസ്എസിൻെറയും വിശ്വഹിന്ദുപരിഷത്തിൻെറയും നിലപാടുകൾക്ക് ശക്തിപകരുന്നതുമാണ് –പി ബി ചൂണ്ടിക്കാട്ടി.

◆ അയ്യങ്കാളിപ്പട ആക്രമിച്ച ഐക്കരനാട് വില്ലേജ് ആപ്പീസിലെ ഫയലുകൾ തീവെച്ചു നശിപ്പിച്ച നിലയിൽ

കോലഞ്ചേരിയിൽ വില്ലേജ് ആപ്പീസിനു തീയിട്ടു

കോലഞ്ചേരി: മുത്തങ്ങയിലെ പൊലീസ് വെടിവെപ്പിൽ പ്രതിഷേധിച്ച് അയ്യങ്കാളിപ്പടയെന്ന് സംശയിക്കുന്ന സംഘം കോലഞ്ചേരിയിൽ പ്രവർത്തിക്കുന്ന ഐക്കരനാട് സൗത്ത് വില്ലേജ് ആപ്പീസ് ആക്രമിച്ചു. ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ഫയലുകളും ആപ്പീസ് ഉപകരണങ്ങളും തീവെച്ച് നശിപ്പിക്കുകയും ചെയ്തു.

രാവിലെ പത്തരയോടെയാണ് കോലഞ്ചേരി ടൗണിൻെറ പടിഞ്ഞാറുഭാഗത്ത് ബ്ലോക്ക് ജങ്ഷനിൽ പ്രവർത്തിക്കുന്ന ആപ്പീസിൽ അഞ്ചുപേരടങ്ങുന്ന സംഘം കത്തിയും നാടൻബോംബും പെട്രോളും മണ്ണെണ്ണയുമായി എത്തിയത്. ആപ്പീസിലെത്തിയ സംഘം ആപ്പീസറെയും ജീവനക്കാരായ മറ്റു മൂന്നുപേരെയും ഭീഷണിപ്പെടുത്തി ആപ്പീസിൻെറ മൂലയിലേക്ക് മാറ്റിനിർത്തിയശേഷം ആദിവാസികൾക്കെതിരായ പൊലീസ് അക്രമത്തിനെതിരെ ലഘുപ്രസംഗം നടത്തി. പിന്നീട് മുദ്രാവാക്യം മുഴക്കിയ ശേഷം റിക്കവറി ലഡ്ജർ, രസീത്ബുക്ക്, ഫീൽഡ് മെഷർമെൻറ് ബുക്ക്, തണ്ടപ്പേർ രജിസ്റ്റർ എന്നിവയും ഫയലുകളും വാരിയിട്ട് കയ്യിൽ കരുതിയിരുന്ന മണ്ണെണ്ണയൊഴിച്ച് തീയിടുകയായിരുന്നു. പൊട്ടാത്ത നാടൻബോംബ് സംഭവസ്ഥലത്തുനിന്ന് കണ്ടെടുത്തിട്ടുണ്ട്.

മൂവാറ്റുപുഴ ഡിവൈഎസ്പി എൻ സി ചാക്കോ, പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടർ പി സി ബാബു തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം കേസെടുത്തു. സർക്കാർ ആപ്പീസുകൾ ആക്രമിക്കാൻ യുവാക്കളോട് ആഹ്വാനം ചെയ്തുകൊണ്ട് അയ്യങ്കാളിപ്പടയുടെ പത്രക്കുറിപ്പുകളും വെള്ളിയാഴ്ച വൈകിട്ടോടെ കൊച്ചിയിലെ പത്ര ആപ്പീസുകളിൽ എത്തിയിരുന്നു.

സ്വാശ്രയ വിധി: സ്റ്റേ ലഭിച്ചില്ല

ദില്ലി: സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളിൽ മാനേജ്മെൻറ് ക്വാട്ട 75 ശതമാനമാക്കിയ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യാൻ വെള്ളിയാഴ്ച സുപ്രിംകോടതി വിസമ്മതിച്ചു. കേസിൽ ഫെബ്രുവരി 28ന് വാദം കേൾക്കുമെന്ന് കോടതി അറിയിച്ചു. സർക്കാർ ക്വാട്ട സീറ്റുകളിലെ പ്രവേശനത്തിൽ നിലവിലുള്ള സ്ഥിതി തുടരണമെന്ന ആവശ്യവും കോടതി അംഗീകരിച്ചില്ല.

സർക്കാർ സീറ്റിൽ പ്രവേശനത്തിന് ലിസ്റ്റ് നൽകാനുള്ള അവസാനതീയതിയായ തിങ്കളാഴ്ച വാദംകേൾക്കണമെന്ന ആവശ്യവും കോടതി തള്ളി. ചീഫ് ജസ്റ്റിസ് വി എൻ ഖരെ, ജസ്റ്റിസ് വി എൻ ലക്ഷ്മൺ എന്നിവരുടെ ബഞ്ചാണ് കേസ് ഫെബ്രുവരി 28 ലേക്ക് മാറ്റിയത്. സർക്കാരിനുവേണ്ടി സീനിയർ അഭിഭാഷകൻ കെ കെ വേണുഗോപാൽ ഹാജരായി. പുഷ്പഗിരി കോളേജിനുവേണ്ടി ഹാജരായ കോൺഗ്രസ് നേതാവായ മുതിർന്ന അഭിഭാഷകൻ കപിൽ സിബാലാണ് ഹാജരായത്. കോലഞ്ചേരി കോളേജിനുവേണ്ടി രാജീവ്ധവാനും.

തിങ്കളാഴ്ചക്കകം സർക്കാർക്വാട്ടയിലെ പ്രവേശനലിസ്റ്റ് നൽകാത്തപക്ഷം ആ സീറ്റുകളിലും മാനേജ്മെൻറിന് പ്രവേശനം നടത്താമെന്നാണ് ഹൈക്കോടതി പറഞ്ഞത്. സുപ്രിംകോടതി സ്റ്റേ അനുവദിക്കാനോ നിലവിലുള്ള പദവി നിലനിർത്താനോ തയ്യാറാകാത്തതിനാൽ മാനേജ്മെൻറുകൾക്ക് സർക്കാർക്വാട്ടയിലും പ്രവേശനം നടത്താം. എന്നാൽ, അടുത്ത വെള്ളിയാഴ്ച സുപ്രിംകോടതി കേസ് പരിഗണിക്കുമ്പോൾ പ്രഖ്യാപിക്കുന്ന ഉത്തരവിന് വിധേയമായിരിക്കും ഈ പ്രവേശനവും. സുപ്രിംകോടതിയുടെ ഈ അഭിപ്രായം മാത്രമാണ് സംസ്ഥാനസർക്കാരിന് ആശ്വാസം.

THE SAFEST NAME IN ELECTRICAL WIRES
JUST GOT SAFER.
Presenting three new ways to prevent shocks, short circuits and electrical fires.



HOUSEGARD
FLAMEGARD
HOTGARD
Flame Retardant
PVC electrical wires
Finolex Cables Limited
AN IS/ISO 9002 COMPANY
Finolex gets people together
THARA ELECTRICALS
CORPORATION SHOPPING COMPLEX
PONNURUNNI, KOCHI - 682 019. PH: 2304404

www.deshabhimani.com
ദേശാഭിമാനി– വെബ്‌ലോകം
ഇന്നത്തെ ശബ്ദം
ഓൺലൈൻ അഭിപ്രായവോട്ട്
www.weblokam.com
എണ്ണക്കമ്പനികളുടെ സ്വകാര്യവൽക്കരണം ദേശതാൽപര്യത്തിനു അനുയോജ്യമാണോ?
അതെ 33.34 %
അല്ല 64.10 %
അഭിപ്രായമില്ല 2.56 %
ഇന്നത്തെ ചോദ്യം
മൂല്യവർദ്ധിത നികുതി (വാറ്റ്) എതിർക്കപ്പെടേണ്ടതാണോ?
ദേശാഭിമാനി ഓൺലൈനിലോ വെബ് ലോകം ഡോട്ട്കോമിലോ സന്ദർശിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്.
അഭിപ്രായങ്ങൾ ദേശാഭിമാനി, വെബ്‌ലോകം ഇൻറർനെറ്റ് വരിക്കാരുടെ മാത്രം അഭിപ്രായമാണ്. അത് പൊതുജനാഭിപ്രായമായിരിക്കണമെന്നില്ല.

സിൽവർ സ്റ്റോം ദേശാഭിമാനി
10 ലക്ഷം രൂപയുടെ സമ്മാനങ്ങൾ!
ലോക കപ്പ് ക്രിക്കറ്റ്
പ്രവചന മൽസരം!

ഒന്നാം സമ്മാനം സാൻട്രോ കാർ

രണ്ടാം സമ്മാനം : ബൈക്ക് ടിവിഎസ് വിക്ടർ (1 എണ്ണം)
മൂന്നാം സമ്മാനം : 21" ഫ്ളാറ്റ് ടിവി (1 എണ്ണം)
നാലാം സമ്മാനം : റഫ്രിജറേറ്റർ (1 എണ്ണം)
അഞ്ചാം സമ്മാനം : വാഷിങ് മെഷീൻ (1 എണ്ണം)
ആറാം സമ്മാനം : മിക്സി (1 വീതം 5 പേർക്ക്)
ഏഴാം സമ്മാനം : സിൽവർസ്റ്റോം ഫാമിലി പാസ് (4 പേർ) 300 പേർക്ക്
എട്ടാം സമ്മാനം : സിൽവർസ്റ്റോം ഫാമിലി പാസ് (2 പേർ) 500 പേർക്ക്

SILVER STORM
WATER THEME PARK
ATHIRAPILLY
web:silverstormwaterpark.com
ICC Cricket World Cup
CO-SPONSORS
Kalyan Silks, Palace Road, Thrissur
NEW Kalyan Jewellers, Thrissur & Palakkad
VKC Senor Footwear Collections, Kozhikode
Mannapuram, A GALFAR GROUP HOTELS PVT.LTD, Kuruppam Road, Thrissur

പൂരിപ്പിച്ച കൂപ്പണുകൾ ദേശാഭിമാനി, പി. ബി നമ്പർ 906, പൂങ്കുന്നം, തൃശൂർ 2 എന്ന വിലാസത്തിൽ തപാലിലോ, ദേശാഭിമാനിയുടെ എല്ലാ യൂണിറ്റുകളിലും ജില്ലാ ബ്യൂറോകളിലും സ്ഥാപിച്ചിട്ടുള്ള ബോക്സുകളിലോ നിക്ഷേപിക്കാവുന്നതാണ്. ദേശാഭിമാനി പത്രത്തിലെ കൂപ്പണുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച കൂപ്പണുകൾ ലഭിക്കേണ്ട അവസാന തിയ്യതി 2003 മാർച്ച് 17ന് വൈകിട്ട് 5മണി. തപാലിൽ അയക്കുന്ന കവറിനു മുകളിൽ 'സിൽവർസ്റ്റോം ദേശാഭിമാനി ലോകകപ്പ് ക്രിക്കറ്റ് പ്രവചന മൽസരം' എന്നെഴുതണം.

മൽസര കൂപ്പൺ
ചോദ്യം : 1
ലോകകപ്പ് ഫൈനലിൽ എത്തുന്ന രണ്ട് ടീമുകൾ ഏതെല്ലാം?
ഉത്തരം
ചോദ്യം : 2
ലോകകപ്പ് നേടുന്ന ടീം
മികച്ച കളിക്കാരൻ ആ[illegible]
ഉത്തരം
പേര്
വിലാസം
ജില്ല
ഫോൺ